# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വൈത്തിരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി. പി1-1071/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 15/12/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വൈത്തിരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി. പി1-1071/2023 തീയ്യതി: 15/12/2023

## വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അഖില മോഹൻ - കെ.എ.എസ്സ് | ഡെപ്യൂട്ടി ഡയറക്ടർ | 06-11-2023 | 18-11-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-11-2023 | 18-11-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സക്കീർ ഹുസൈൻ . പി , ഓഡിറ്റ് ഓഫീസർ

ശ്രീ. നവാസ്. കെഎം , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഡേവിഡ് . കെ.വി , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. അപർണ ശശിധരൻ , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിജേഷ് .എം.വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി. ഇന്ദിര. പി.കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുരേഷ്. എം.ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി ശാലിനി. കെ.വി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷീമ. കെ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. ജോയ് അലക്സ് | മെഡിക്കൽ ഓഫീസർ - പി.എച്ച്. സി | 01-04-2022 | 31-03-2023 |
| ഡോ. ഷാജഹാൻ വാഹിദ് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. ബിജുല ബാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ - ഐ.എസ്സ്.എം | 01-04-2022 | 31-03-2023 |
| ഡോ. ജുബീന . പി | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി. സരിത. എസ്സ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ടിന്റു കുര്യൻ | ഐ.സി.ഡി.എസ്സ് സൂപ്പർ വൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. ജിനു ആന്റണി | വി. ഇ. ഓ | 01-04-2022 | 31-03-2023 |
| ശ്രീമതി. സുജ തോമസ്സ് | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീ. വിശാന്ത് . കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കേറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | Excess Of Income Over Expenditure – മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ബാലൻസ് ഷീറ്റിൽ തൻവർഷത്തെ Excess Of Income Over Expenditure രേഖപ്പെടുത്തിയതിൽ ന്യൂനത. | 1-1-4 |
| 6 | Trial Balance -ലെ എല്ലാ ലെഡ്ജർ ബാലൻസുകളും ക്യാരിഫോർവേഡ് ചെയ്തിട്ടില്ല. | 1-1-5 |
| 7 | ലോൺ ബാധ്യതയും Pre-paid Expences തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | നിക്ഷേപ തുകയെക്കാൾ കൂടുതൽ ബാധ്യതകൾ | 1-1-7 |
| 9 | ഗ്രാമ പഞ്ചായത്ത് മുൻകൂർ അനുവദിച്ച തുകയുടെ കണക്കുകൾ ലഭ്യമല്ല. | 1-1-8 |
| 10 | പ്രത്യേകാവശ്യ ഗ്രാന്റുകൾക്ക് പ്രത്യേകം ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. | 1-1-9 |
| 11 | എല്ലാ ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെയും റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല. | 1-1-10 |
| 12 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടില്ല. | 1-1-11 |
| 13 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-1-12 |
| 14 | ലെഡ്ജറുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തൽ | 1-1-13 |
| 15 | കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-14 |
| 16 | അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കൃത്യത ഉറപ്പ് വരുത്താവുന്ന രീതിയിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല. | 1-1-15 |
| 17 | ആസ്തികൾക്ക് തേയ്മാനം രേഖപ്പെടുത്തൽ | 1-1-16 |
| 18 | പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ്. | 1-1-17 |
| 19 | Prior Period Income - റീഫണ്ട് ചെയ്ത തുക സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-1-18 |
| 20 | ജംഗമ ആസ്തികൾക്ക് ചെലവഴിച്ച തുക വാർഷിക കണക്കുകളിൽ റവന്യൂ എക്സ്പെന്റീച്ചറായി ഉൾപ്പെടുത്തി. | 1-1-19 |
| 21 | ഗുണഭോക്തൃ വിഹിതത്തിൽ നിന്നുള്ള റവന്യൂ ചെലവ് വാർഷിക കണക്കുകളിൽ ആസ്തി നിർമ്മാണ ചെലവായി രേഖപ്പെടുത്തി. | 1-1-20 |
| 22 | ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കൃത്യമായ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല. | 1-1-21 |
| 23 | ബഡ്ജറ്റ് | 1-2 |
| 24 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 25 | ഫണ്ട് വിനിയോഗം - എ.സി.ആർ പ്രകാരം | 1-4 |
| 26 | പദ്ധതി അവലോകനം | 1-5 |
| 27 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 28 | ക്ഷേമ പദ്ധതികൾ | 1-7 |
| 29 | ക്യാഷ് പരിശോധന | 1-8 |
| 30 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 31 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 32 | പൊതു ടാപ്പുകളുടെ വാട്ടർ ചാർജസ് | 1-11 |
| 33 | പുഴ പുറമ്പോക്ക് അളക്കൽ - നടപടി പൂർണമായില്ല | 1-12 |
| 34 | ഭവന പുനരുദ്ധാരണ പ്രോജക്ടുകൾ - മുൻകൂർ നൽകി - പുരോഗതി വിവരം ഇല്ല | 1-13 |
| 35 | പൊതു മരാമത്ത് പ്രവൃത്തികൾ - ഒരു വിലയിരുത്തൽ | 1-14 |
| 36 | ലഭ്യമായ തുക വിനിയോഗിക്കാനായില്ല. | 1-15 |

| | | |
|---|---|---|
| 37 | ഓണം അഡ്വാൻസ് ക്രമീകരണം - രജിസ്റ്ററിൽ അവ്യക്തത | 1-16 |
| 38 | യാത്രാ അഡ്വാൻസ് ക്രമീകരിച്ചില്ല. | 1-17 |
| 39 | കാലാഹരണപ്പെട്ട ഡെപ്പോസിറ്റ് തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല. | 1-18 |
| 40 | ചെക്കുകൾ ബൗൺസാവുന്നതു കാരണം പണം പഞ്ചായത്ത് ഫണ്ടിൽ വരവ് വരുന്നതിൽ കാലതാമസം | 1-19 |
| 41 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-20 |
| 42 | ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് നേടി പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-20-1 |
| 43 | റിസോർട്ടുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | 1-20-2 |
| 44 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ നൽകിയതു മൂലം നികുതി നഷ്ടം | 1-21 |
| 45 | അനധികൃത നിർമ്മാണങ്ങൾക്ക് UA നമ്പർ നൽകി മൂന്നിരട്ടി നികുതി ഈടാക്കുന്നില്ല. | 1-22 |
| 46 | വാടക കുടിശ്ശിക ബാക്കി നിൽക്കുന്നു. | 1-23 |
| 47 | ടാക്സ് ഓഡിറ്റ് | 1-24 |
| 48 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം | 1-24-1 |
| 49 | വസ്തു നികുതി പിരിവ് | 1-24-2 |
| 50 | സേവന ഉപനികുതി | 1-24-3 |
| 51 | തൊഴിൽ നികുതി | 1-24-4 |
| 52 | വിനോദ നികുതി | 1-24-5 |
| 53 | നികുതിയേതര വരവുകൾ | 1-24-6 |
| 54 | തെരുവ് വിളക്ക് സ്ഥാപിക്കൽ, റിപ്പയർ - ക്രമ പ്രകാരം സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കുന്നില്ല. | 1-25 |
| 55 | സ്റ്റോക്ക് രജിസ്റ്റർ/ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-26 |
| 56 | എസ്.എസ്.കെ. വിഹിതം നൽകൽ– ഭൗതിക നേട്ട വിവരം ലഭ്യമല്ല. | 1-27 |
| 57 | ഡെപ്പോസിറ്റ് പ്രവൃത്തി - വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല | 1-28 |
| 58 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-29 |
| 59 | മരുന്നു വാങ്ങൽ - പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 1-30 |
| 60 | സ്റ്റോക്ക് രജിസ്റ്റർ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല. | 1-31 |
| 61 | ലൈഫ് ഭവന പദ്ധതി - പൂർത്തീകരിച്ചില്ല | 1-32 |
| 62 | ഭവന പുനരുദ്ധാരണം വിധവകൾ ( ജനറൽ) മൂല്യനിർണ്ണയ പത്രിക ലഭ്യമാക്കിയിട്ടില്ല | 1-33 |
| 63 | പൂരകപോഷകാഹാര പദ്ധതി - സർക്കാർ അനുമതിയില്ലാതെ പ്രത്യേക പോഷകാഹാര മിശ്രിതം വിതരണം നടത്തി. | 1-34 |
| 64 | ഭിന്നശേഷി സ്കോളർഷിപ്പ്-നടത്തിപ്പ് അപാകതകൾ | 1-35 |
| 65 | മുൻ വർഷത്തെ പത്ര പരസ്യങ്ങൾക്ക് തുക അനുവദിച്ചു | 1-36 |
| 66 | തൊഴിലുറപ്പ് പദ്ധതി വിഭാഗം ജീവനക്കാരുടെ ഭരണ ചെലവുകൾ–ജനറൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് തിരികെ അടക്കാൻ ബാക്കി നിൽക്കുന്നു. | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statements | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കേറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് വൈത്തിരി ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 06.10.2023 ലെ 6(1)/23 തീരുമാനം പ്രകാരം തയ്യാറാക്കി 12.10.2023 -ന് പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വൈത്തിരി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വൈത്തിരി ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കൽപ്പറ്റ സാക്ഷ്യപ്പെടുത്തുന്ന അധികാരിയുടെ ഒപ്പ്

തീയതി:15.12.2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും ധനകാര്യ പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല. സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 61 അനുസരിച്ച് മാസാന്ത്യ ധനകാര്യ പത്രികയും തയ്യാറാക്കിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും, പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| ആകെ ക്യഷ് ഫ്ലോ | 2296555 |

| | |
|---|---|
| മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം | 5787390 |

### 1-1-3 Excess Of Income Over Expenditure - മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കിലെ Excess Of Income Over Expenditure എന്ന ഹെഡിലെ മുന്നിരിപ്പ് , മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| Excess Of Income Over Expenditure - മുൻവർഷ നീക്കിയിരിപ്പ് | 38756916 |
| Trial Balance -ൽ രേഖപ്പെടുത്തിയ മുന്നിരിപ്പ് | 38727438 |
| വ്യത്യസം | 29478 |

Trial Balance -ൽ Excess Of Income Over Expenditure -ന്റെ മുന്നിരിപ്പും നീക്കിയിരിപ്പും ഒരുതുക തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-4 ബാലൻസ് ഷീറ്റിൽ തൻവർഷത്തെ Excess Of Income Over Expenditure രേഖപ്പെടുത്തിയതിൽ ന്യൂനത.

Income And Expenditure Statement പ്രകാരം തൻവർഷത്തെ Surplus ₹726470/- ആണ്. Excess Of Income Over Expenditure-ന്റെ മുൻവർഷത്തെ നീക്കിയിരിപ്പും തൻവർഷത്തെ Surplus -ഉം ഉൾപ്പെടെയുള്ള തുക ₹3,94,83,386/- (38756916 + 726470) ആണ്. എന്നാൽ തൻവർഷ ബാലൻസ് ഷീറ്റിൽ Excess Of Income Over Expenditure അക്കൗണ്ട് ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക ₹3,95,54,204/-. വ്യത്യാസം ₹70,818/-.

### 1-1-5 Trial Balance -ലെ എല്ലാ ലെഡ്ജർ ബാലൻസുകളും ക്യാരിഫോർവേഡ് ചെയ്തിട്ടില്ല.

Trial Balance -ൽ അക്കൗണ്ട് ഹെഡ് 431910201 – Out Door Collection Control Account -ൽ മുന്നിരിപ്പിലും നീക്കിയിരിപ്പിലും ക്രഡിറ്റ് ബാലൻസ് തുകയായി ₹29,478/-രേഖപ്പെടുത്തിയിട്ടുണ്ട്. മുൻവർഷത്തെ ബീലൻസ് ഷീറ്റിൽ പ്രസ്തുത നീക്കിയിരിപ്പില്ല. Trial Balance -ൽ രേഖപ്പെടുത്തിയിട്ടുള്ള പ്രസ്തുത തുക തൻവർഷ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുമില്ല.

### 1-1-6 ലോൺ ബാധ്യതയും Pre-paid Expences തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് പ്രകാരം ലോണിന്റെ ആകെ ബാധ്യതയും ആസ്തി ഭാഗത്ത് ആയതിന് തുല്യമായിവരേണ്ട Pre-paid Expences -ഉം (B-16) പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| ലോൺ ബാധ്യത ( B-5 Schedule) | ₹1,32,33,700/- |
| Pre-paid Expences (B-16 Schedule) | ₹1,26,53,700/ |

### 1-1-7 നിക്ഷേപ തുകയെക്കാൾ കൂടുതൽ ബാധ്യതകൾ

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് മൈനസാണ്. ബാങ്ക്/ട്രഷറി അക്കൗണ്ടിലുള്ള നിക്ഷേപ തുകയെക്കാൾ അധികമാണ് ഗ്രാമപഞ്ചായത്തിന്റെ ബാധ്യതകൾ. ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള പ്രത്യേക ആവശ്യത്തിന് വേണ്ടി ലഭിച്ച ആകെ തുകയും (₹3,06,83,824), ബി-7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ ആകെ തുകയും (₹35,87,596), ബി-9 ഷെഡ്യൂൾ പ്രകാരമുള്ള മറ്റു ബാധ്യതകൾ പ്രകാരമുള്ള ആകെ തുകയും (₹41,31,705) അടക്കം ആകെ ബാധ്യത തുക ₹3,84,03,125/- ആണ്. ഗ്രാമപഞ്ചായത്തിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടിലുള്ള (ബി-17 ഷെഡ്യൂൾ) ആകെ തുക ₹2,91,39,362/- ആണ്. ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം എത്രയാണെന്നത് പരിഗണിക്കാതെ ബാധ്യത തുകയിൽ നിന്നും ചെലവുകൾ നടത്തിയതാണ് തനത് ഫണ്ട് മൈനസാകാൻ കാരണം.

### 1-1-8 ഗ്രാമ പഞ്ചായത്ത് മുൻകൂർ അനുവദിച്ച തുകയുടെ കണക്കുകൾ ലഭ്യമല്ല.

ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ മുൻകൂറുകളുടെയും വിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻകൂർ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മുൻകൂറുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അക്കൗണ്ട് ഹെഡ് | തുക |
|---|---|---|

| | | |
|---|---|---|
| 1 | 460100103 – Temprory Advance For Official Purpose | 181070 |
| 2 | 460100199 –Other Advances | 1163399 |
| 3 | 460500202 – Advance To Implementing Agencies _ Deposit With KSEB | 13278 |
| 4 | 460500202 – Advance To Others | 172673 |

ആയതിന് പുറമേ കേരള വാട്ടർ അതോറിറ്റി, കെ,എസ്.ഇ,ബി. എന്നിവയുടെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾക്ക് ഈ റിപ്പോർട്ടിലെ ഖണ്ഡിക നം. 1-28 കാണുക.

## 1-1-9 പ്രത്യേകാവശ്യ ഗ്രാന്റുകൾക്ക് പ്രത്യേകം ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല.

ബി-4 ഷെഡ്യൂൾ പ്രകാരമുള്ള പ്രത്യേകാവശ്യ ഗ്രാന്റുകൾക്ക് പലതിനും പ്രത്യേകം ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ട് നിക്ഷേപിക്കുന്ന ബാങ്ക് അക്കൗണ്ടിൽ പ്രസ്തുത ഗ്രാന്റുകൾ നിക്ഷേപിക്കുന്നതിനാൽ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ കൃത്യമായ വിവരം ലഭ്യമല്ല. അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 13(4) (ബി) അനുസരിച്ച് ഓരോ ഫണ്ടിനും പ്രത്യേകം ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്.

## 1-1-10 എല്ലാ ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെയും റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

റീക്കൺസിലിയേഷൻ നടത്താത്ത ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അക്കൗണ്ട് ഹെഡ് | 31.03.2023 ബാങ്ക് ബുക്ക് ബാലൻസ് |
|---|---|---|
| 1 | 450210101 KGB (40130101017636) | 0 |
| 2 | 450210101 Canara Bank (110046696867) | 0 |
| 3 | 450210101 Canara Bank Orginal (110046696867) | 4899 |
| 4 | 450210101 Canara Bank (110046696867) | 75421 |
| 5 | 450210101 KGB (40130101028182) | 33862 |
| 6 | 450210101 State Bank Of India (40629836125) | 0 |
| 7 | 450210101 Indian Bank | 0 |
| 8 | 450210101 Canara Bank (358101071482) | 212534 |
| 9 | 450210101 KGB (7657) | 0 |
| 10 | 450210106 Sub Treasury (79011400005893) | 0 |
| 11 | 450210107 Sub Treasury (799012900000130) | 0 |
| 12 | 4502140174 IDBI (1490104000044129) | 0 |
| 13 | 450210107 Sub Treasury (799012900003919) | 0 |

## 1-1-11 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടില്ല.

വാർഷിക കണക്കുകളിൽ സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ: വസ്തുനികുതി ലഡ്ജറുകളിൽ 31.03.2023 ആണ് ഡിമാന്റ് എൻട്രി നടത്തിയിട്ടുള്ളത്.

## 1-1-12 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രീതിയിൽ അനുബന്ധ രേഖകളില്ല. ഉദാ: അക്രൂവൽ നികുതി നികുതിയിതര ഇനങ്ങളുടെ ലെഡ്ജറിൽ ഡിമാന്റുകൾക്ക് ജേണൽ എൻട്രി നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-1-13 ലെഡ്ജറുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തൽ

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.

### 1-1-14 കുടിശ്ശിക തുകയ്ക്ക പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി, വാടക എന്നീ ഇനങ്ങളിൽ കുടിശ്ശിക ഉണ്ട്. 26/7/2011 – ലെ സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങളിലെ ചട്ടം58(4)(എച്ച്) എന്നിവ പ്രകാരം നികുതി, നികുതിയേതര കുടിശ്ശിക ലഭ്യത സംശയാസ്പദമായ തുക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതാണ്.

### 1-1-15 അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കൃത്യത ഉറപ്പ് വരുത്താവുന്ന രീതിയിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല.

ആസ്തി രജിസ്റ്ററിൽ, ആസ്തിയുടെ മൂല്യം രേഖപ്പെടുത്താത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-16 ആസ്തികൾക്ക് തേയ്മാനം രേഖപെടുത്തൽ

ആസ്തികൾക്ക് നിശ്ചിത നിരക്കിൽ തേയ്മാനം കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-17 പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ്.

ബി-4 ഷെഡ്യൂൾ പ്രകാരമുള്ള പ്രത്യേകാവശ്യ ഗ്രാന്റുകൾക്ക് പ്രത്യേക ബാങ്ക്/ട്രഷറി അക്കൗണ്ട് സൂക്ഷിച്ചിട്ടുള്ള ഇനങ്ങളുടെ കാര്യത്തിൽ ബാധ്യത തുകയും ബാങ്ക്/ട്രഷറി അക്കൗണ്ടിൽ ഉള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഉദാ: 1) ബി-4 ഷെഡ്യൂൾ പ്രകാരം Joint Venture Project- കളുടെ ആകെ ഔട്ട് സ്റ്റാന്റിംഗ് ബാലൻസ് ₹39,03,327/- ആണ്. എന്നാൽ ബി-17 ഷെഡ്യൂൾ അക്കൗണ്ട് ഹെഡ് - 450290003 Sub Tresury (7990114000003919) Joint Venture Project- നുള്ള ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പില്ല.
2) ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ബി-4 ഷെഡ്യൂൾ പ്രകാരം ഔട്ട് സ്റ്റാന്റിംഗ് ബാലൻസ് ₹33,22,713/- എന്നാൽ ബി-17 ഷെഡ്യൂൾ അക്കൗണ്ട് ഹെഡ് - 450210101 Canara Bank (0358101081081) ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ₹36,04,242/- ആണ്.

### 1-1-18 Prior Period Income – റീഫണ്ട് ചെയ്ത തുക സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇൻകം & എക്സ്പിന്റിച്ചർ അക്കൗണ്ടിലെ ഷെഡ്യൂൾ I-19 Prior Period Income അക്കൗണ്ട് ഹെഡ് 190100101 -Prior Period Income – Property Tax – ൽ (-) 39628/-ഉം, അക്കൗണ്ട് ഹെഡ് 190100101 -Prior Period Income – Other Incomes (-) 14.042/- ഉം രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-19 ജംഗമ ആസ്തികൾക്ക് ചെലവഴിച്ച തുക വാർഷിക കണക്കുകളിൽ റവന്യൂ എക്സ്പെന്റീച്ചറായി ഉൾപ്പെടുത്തി.

കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് പ്രോജക്ട് പ്രകാരം വാങ്ങിയ ജംഗമ ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന് ചെലവഴിച്ച തുക റവന്യൂ ചെലവായാണ് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. (ഉദാ: പ്രോജക്ട് നം. എസ്.0221/23, എസ്.0255/23, എസ്.0268/23).

### 1-1-20 ഗുണഭോക്തൃ വിഹിതത്തിൽ നിന്നുള്ള റവന്യൂ ചെലവ് വാർഷിക കണക്കുകളിൽ ആസ്തി നിർമ്മാണ ചെലവായി രേഖപെടുത്തി.

മുറ്റത്ത് ഒരു മീൻ തോട്ടം എന്ന പ്രോജക്ടിന് വേണ്ടി ഗുണഭോക്തൃ വിഹിതം ആകെ ചെലവ് തുക ₹99,000/- ആസ്തി നിർമ്മിക്കുന്നതിനുള്ള ചെലവായാണ് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-1-21 ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കൃത്യമായ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല.

മുൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ നീക്കിയിരിപ്പ് ₹14,85,239/- ആണ്. തൻവർഷത്തെ ഗ്രാന്റ് വരവ് ₹67,98,000/-യും പലിശവരവ് ₹1,31,287/- ആണ്. തൻവർഷത്തെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് ₹5827876/- ആണ്. ആയത് പ്രകാരം വരേണ്ട നീക്കിയിരിപ്പ് ₹25,86,650/- ആണ്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം തൻവർഷ നീക്കിയിരിപ്പ് ₹33,22,713/- ആണ്.

### 1-2 ബഡ്ജറ്റ്

വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2022 -23 വർഷത്തെ ബഡ്ജറ്റ് താഴെപ്പറയുന്ന രീതിയിൽ അംഗീകരിച്ചിട്ടുണ്ട്.

| ഇനം | 2022-23 | |
|---|---|---|
| | യഥാർത്ഥ ബജറ്റ് | പുതുക്കിയ ബജറ്റ് |
| മുൻബാക്കി | 3643030 | 66721023 |
| വരവ് | 206244000 | 202369000 |
| ആകെ | 209887030 | 269090023 |
| ചെലവ് | 207408000 | 259993000 |
| നീക്കിബാക്കി | 2479030 | 9097023 |
| തീരുമാനം നമ്പർ/തീയതി | 1(1)/22/19.03.2022 | 3/1/27.3.2023 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| **മുന്നിരിപ്പ്** | 2,33,51,972 |
| **വരവ്** | 59863142 |
| **ആകെ** | 83215114 |
| **ചെലവ്** | 54075752 |
| **നീക്കിയിരിപ്പ്** | 29139362 |

## 1-4 ഫണ്ട് വിനിയോഗം - എ.സി.ആർ പ്രകാരം

| | മുന്നിരിപ്പ് | വരവ് / അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിബാക്കി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | NIL | 20029503 | 20029503 | 20029503 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | NIL | 5915992 | 5915992 | 5915992 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | NIL | 3072728 | 3072728 | 3067638 | 5090 |
| മെയിന്റനൻസ് (റോഡ്) | NIL | 4224000 | 4224000 | 4219213 | 4787 |
| മെയിന്റനൻസ് (റോഡിതരം) | NIL | 4570000 | 4570000 | 3389119 | 1180881 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | NIL | 5327241 | 5327241 | 4281510 | 1045731 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 234 | 151789744 | 179 | 65256893 | 55 | 76.49% |

| ക്രമനമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 10 | 10 | 2716660 | 2353160 | 86.62 |
| 2 | വെറ്റിനറി സർജൻ | 11 | 11 | 6170830 | 5203110 | 84.32 |
| 3 | മെഡിക്കൽ ഓഫീസർ (PHC) | 17 | 14 | 5482110 | 4699720 | 85.73 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 150000 | 150000 | 100 |
| 6 | ഫിഷറീസ് ഇൻസ്പെക്ടർ | 3 | 3 | 320000 | 219633 | 68.64 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 16 | 77118544 | 17944472 | 23.27 |
| 8 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 8 | 8 | 5317700 | 4584088 | 86.2 |
| 9 | ഡയറിഫാം ഇൻസ്പെക്ടർ | 1 | 1 | 763000 | 763000 | 100 |
| 10 | സെക്രട്ടറി ,ഗ്രാമപഞ്ചായത്ത് | 44 | 31 | 14538051 | 8993481 | 61.86 |
| 11 | ഹെഡ്മാസ്റ്റർ | 9 | 6 | 2174077 | 1288077 | 59.25 |
| 12 | അസി.എഞ്ചിനീയർ | 105 | 72 | 34423772 | 17136455 | 49.78 |
| 13 | അസി.സെക്രട്ടറി | 7 | 6 | 2615000 | 1921697 | 73.49 |
| | ആകെ | 234 | 179 | 151789744 | 65256893 | 42.99% |

8

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1869 | 1206306 | 1208175.55 | 1205801 | 2374 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 23238542 | 23238542 | 23238542 | 0 |
| മെറ്റീരിയൽസ് | 0 | 4454326 | 4454326 | 4454326 | 0 |

തൊഴിലുറപ്പ് അക്കൗണ്ടിൽ വർഷാവസാനം നീക്കിബാക്കിയായി രേഖപ്പെടുത്തിയ തുക 212534 രൂപയാണ്. വ്യത്യാസം ശ്രദ്ധയിൽ പെടുത്തുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ചെലവഴിച്ച തുക | ആകെ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിലില്ലായ്മ വേതനം | 8640 | 6 |
| കർഷക തൊഴിലാളി പെൻഷൻ | 2018200 | 177 |
| വിധവ പെൻഷൻ | 9198600 | 822 |
| വാർദ്ധക്യ കാല പെൻഷൻ | 16062800 | 1519 |
| ഭിന്നശേഷി പെൻഷൻ | 2466600 | 220 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |
| അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 209600 | 18 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7208 /-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

-ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിർവഹിക്കുന്നതിനും രജിസ്റ്ററുകളും രേഖകളും എഴുതി സൂക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരും ഭരണസമിതിയും വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

-ഡെപ്പോസിറ്റ് രജിസ്റ്റർ , അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. വാർഷിക കണക്കിലെ ലഡ്ജറുകളുമായി പൊരുത്തപ്പെടുന്ന വിധത്തിൽ രജിസ്റ്റർ ക്രമപ്പെടുത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

- കേരള ഫിനാൻഷ്യൽ കോഡ് പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. 2004-05 മുതലുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതാണ്.

-സ്റ്റോക്ക് രജിസ്റ്റർ , സ്റ്റോക്ക് എൻട്രികൾ എന്നിവ വ്യക്തമായും വ്യവസ്ഥാപിതമായും രേഖപ്പെടുത്തുന്നില്ല എന്ന് സെക്രട്ടറിയുടെ വൗച്ചറുകൾ , പ്രോജക്ട് ഫയലുകൾ എന്നിവയുടെ പരിശോധനയിൽ വ്യക്തമാവുന്നു.

-കെട്ടിട വാടക കുടിശ്ശികയില്ലാത്ത വിധത്തിൽ പിരിച്ചെടുക്കാൻ പ്രായോഗികമായ സമീപനങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. കുടിശ്ശിക വർദ്ധിക്കുന്നത് പിന്നീട് നിയമ പ്രശ്നങ്ങളിലേക്ക് ഗ്രാമ പഞ്ചായത്തിനെ എത്തിക്കുന്ന സാഹചര്യം വരും എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

-വസ്തു നികുതി ഇനത്തിൽ ചെക്ക് മുഖേന അടവാക്കുന്ന തുകക്ക് രസീത് നൽകുകയും എന്നാൽ , ചെക്ക് ബൗൺസാവുന്ന സാഹചര്യം സംജാതമാവുകയും ചെയ്യുന്നതായി കാണുന്നു. അക്കൗണ്ട് റൂൾ സെക്ഷൻ 22 പ്രകാരമുള്ള നടപടികൾ ഇത്തരം സാഹചര്യത്തിൽ സ്വീകരിക്കേണ്ടതാണ്.

-ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്ററിൽ ചെക്ക് കലക്ഷന് നൽകിയ തിയ്യതി, പണമായി മാറിയ തിയ്യതി എന്നിവ രേഖപ്പെടുത്തൽ വളരെ പ്രധാനമാണ്. എന്നാൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിൽ സൂക്ഷമത പാലിക്കുന്നില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

-മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) സൂക്ഷിക്കുന്ന ക്യാഷ് ബുക്ക് ക്രമപ്രകാരമുള്ളതല്ല. ഓഫീസിന്റെ എല്ലാ ഇടപാടുകളും രേഖപ്പെടുത്തുന്ന 7A ക്യാഷ് ബുക്കിലാണ് ഗ്രാമ പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന എല്ലാ ഇടപാടുകളും രേഖപ്പെടുത്തേണ്ടത് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

-ക്യാഷ് ബുക്ക് സൂക്ഷിക്കുന്ന വിഷയത്തിൽ GO(P)1772006 /Fin Dated 12.04.2006 പ്രകാരമുള്ള നിർദേശം പാലിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.06.2022 - 10.06.2022 | 2021-2022 | 12.01.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.06.2023 | 04/17 – 01/23 വരെ | 24.05.2023 |

## 1-11 പൊതു ടാപ്പുകളുടെ വാട്ടർ ചാർജസ്

പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിന് തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം തുക അടവാക്കുന്നുണ്ട്. 04/22 മുതൽ 02/23 വരെയുള്ള കാലയളവിൽ ₹ 5788.13 വാർഷിക നിരക്കിൽ 49198 രൂപ വീതവും , 03/23 ൽ 14559.12 വാർഷിക നിരക്കിൽ 123752 രൂപയും അടവാക്കി വരുന്നതായി വ്യക്തമാവുന്നു. ആകെ 102 പൊതു ടാപ്പുകളാണ് ഈ കാലയളവിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉള്ളത് .

വാട്ടർ അതോറിറ്റിക്ക് , പി.എച്ച്. ഡിവിഷൻ സുൽത്താൻ ബത്തേരിക്ക് കത്ത് നൽകി 19.08.2023 ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. നിലവിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 47 പൊതു ടാപ്പുകൾ മാത്രമാണ് പ്രവർത്തന ക്ഷമമായത് എന്ന് ബോധ്യമായിട്ടുണ്ട്. സംയുക്ത പരിശോധനയുടെ ഫലമായി ടാപ്പുകളുടെ എണ്ണം കുറഞ്ഞ സാഹചര്യത്തിൽ 09/2023 മുതൽ വെള്ളക്കരം ഡിമാന്റ് തുക കുറവ് ചെയ്തിട്ടുണ്ട്.
കൃത്യമായ ഇടവേളകളിൽ പൊതുടാപ്പുകളുടെ പ്രവർത്തനക്ഷമത പരിശോധന വിധേയമാക്കേണ്ടതും വെള്ളം ലഭ്യമാവാത്ത ടാപ്പുകൾക്ക് വെള്ളക്കരം അടവാക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി 25/17.11.2023 പ്രകാരം ഈ കാര്യം സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-12 പുഴ പുറമ്പോക്ക് അളക്കൽ - നടപടി പൂർണമായില്ല

വൈത്തിരി ഗ്രാമ പഞ്ചായത്തിൽ വ്യാപകമായ അളവിൽ പുഴ പുറമ്പോക്ക് കൈയേറ്റം നടക്കുന്നതായും എന്നാൽ പുറമ്പോക്ക് വിസ്തൃതി സംബന്ധിച്ച് വ്യക്തമായ രേഖകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ നടപടികൾ സ്വീകരിക്കാൻ പ്രായോഗിക പ്രയാസങ്ങൾ നേരിടുന്നതായും Sc2/8311/2022 ഫയലിൽ നിന്നും വ്യക്തമാവുന്നു.

പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പുഴ പുറമ്പോക്ക് ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമാണ്. പൊതു സ്ഥലങ്ങൾ കയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക എന്നത് ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. (166 -ാം വകുപ്പ് (1) -ാം ഉപവകുപ്പ് മൂന്നാം പട്ടിക) പുറമ്പോക്ക് സംരക്ഷിക്കാൻ ഗ്രാമ പഞ്ചായത്തിന് ബാധ്യതയും മേലനുഭവങ്ങൾ അനുഭവിക്കാൻ അവകാശവും നിയമം നൽകുന്നുണ്ട്.

പുറമ്പോക്ക് വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമ പഞ്ചായത്ത് സൂക്ഷിച്ചിട്ടുണ്ട്. റോഡ്, വനം, പൊതു കെട്ടിടങ്ങൾ എന്നിവ പുറമ്പോക്കിൽ ഉള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ , ഈ ഭൂമിയിലെ മേലനുഭവങ്ങൾ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ഉൾപെടുത്തിയിട്ടില്ല. രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് വിവരങ്ങൾ ഇപ്രകാരമാണ്.

| വില്ലേജ് | വിസ്തീർണം @ ഹെക്ടർ |
|---|---|
| കുന്നത്തിടവക ബ്ലോക്ക് 24 | 164.7342 |
| കുന്നത്തിടവക ബ്ലോക്ക് 25 | 824.4117 |
| ചുണ്ടേൽ ബ്ലോക്ക് 24 | 164.7342 |
| ചുണ്ടേൽ ബ്ലോക്ക് 25 | 321.1989 |
| ആകെ | 1475.079 |

ഭരണ സമിതിയുടെ 20(1)/22 Dated 05.12.2022 തിയ്യതിയിലെ യോഗത്തിൽ പുഴ പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാൻ റവന്യൂ അധികാരികളെ സമീപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ ആവശ്യം ഉന്നയിച്ച് ചുണ്ടേൽ , കുന്നത്തിടവക വില്ലേജ് ഓഫീസർമാർക്ക് ഗ്രാമ പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ പ്രായോഗികമായ നടപടികൾ ഉണ്ടായിട്ടില്ല എന്ന് കാണുന്നു. വളരെയധികം ഭൂമിയുള്ള സാഹചര്യത്തിൽ താലൂക്ക് സർവെയറുടെ സേവനം ഉപയോഗപ്പെടുത്തി മാത്രമെ അളക്കൽ സാധ്യമാവുകയുള്ളു. റവന്യൂ വകുപ്പിന്റെ സഹായത്തോടെ വിശദമായ പരിശോധന നടത്തി പുറമ്പോക്ക് സംരക്ഷണം സാധ്യമാക്കാൻ 1996 ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വെക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും ) ചട്ടങ്ങൾ പ്രകാരമുള്ള യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 15/15.11.2023 പ്രകാരം ഈ വിഷയം സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. താലൂക്ക് സർവെയറുടെ സേവനം ഉപയോഗപ്പെടുത്തി പുറമ്പോക്ക് ഭൂമി അളക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തുടർന്നുള്ള ഓഡിറ്റിൽ പുരോഗതി വിവരം വിലയിരുത്തുന്നതാണ്.

## 1-13 ഭവന പുനരുദ്ധാരണ പ്രോജക്ടുകൾ - മുൻകൂർ നൽകി - പുരോഗതി വിവരം ഇല്ല

ഓഡിറ്റ് വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തുന്ന നാല് ഭവന റിപ്പയർ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

ഒരു സ്പിൽ ഓവർ പ്രോജക്ടും മൂന്ന് പുതിയ പ്രോജക്ടുകളും ഇവയിൽ ഉൾപ്പെടുന്നു. ഓവർസിയറുടെ മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഗുണഭോക്താവിന് ഒരു ലക്ഷം രൂപയാണ് പരമാവധി അനുവദിക്കുന്ന തുക. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് / ഫണ്ട് | വകയിരുത്തിയ തുക | ചെലവ് |
|---|---|---|
| So 70/23 എസ്. ടി വീട് പുനരുദ്ധാരണം - ടി.എസ്.പി | 65000 | 65000 |
| 82/23 വീട് വാസയോഗ്യമാക്കൽ - ടി.എസ്.പി | 600000 | 300000 |
| 81/23 വീട് വാസയോഗ്യമാക്കൽ - എസ്.സി.പി | 100000 – പ്ലാൻ ജനറൽ<br>700000 - എസ്.സി.പി | 50000<br>456700 |
| 262/23 അതിദരിദ്ര നിർമാർജന മൈക്രോപ്ലാൻ - വീട് റിപ്പയർ - പട്ടിക ജാതി | 100000 – പ്ലാൻ ജനറൽ | 50000 |

പ്രോജക്ട് ഫയലുകൾ പരിശോധനയിൽ ഏതാനും ഗുണഭോക്താക്കൾ അഡ്വാൻസ് തുക വാങ്ങിയിട്ടുണ്ട് എങ്കിലും വീട് റിപ്പയർ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല എന്നും വകയിരുത്തിയ അർഹമായ തുക പൂർണമായും വാങ്ങിയിട്ടില്ല എന്നും വ്യക്തമാവുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| | പ്രോജക്ട് - ഗുണഭോക്താവ് | വൗച്ചർ നമ്പർ | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | 82/23 നാരായണി കേട്ടമ്പത്ത് | 12/30.01.2023 | 50000 |
| 2 | 82/23 ദേവു കോട്ടമ്പത്ത് | 12/30.01.2023 | 50000 |
| 3 | 82/23 രാധാമണി തങ്ങൾകുന്ന് കോളനി | 15/30.01.2023 | 50000 |
| 4 | 81/23 പ്രസാദ് S/o ബാലകൃഷ്ണൻ | 10/30.01.2023 | 50000 |
| 5 | 262/23 ലക്ഷ്മി ഇടിയം | 16/30.01.2023 | 50000 |

സബ്സിഡി മാർഗ്ഗരേഖ GO (Rt)115/2022/Lsgd/Dated 28.05.2022 പ്രകാരം കരാറിൽ ഏർപ്പെട്ട ശേഷം 50% തുക മുൻകൂറായി നൽകാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ അടിസ്ഥാനമാക്കിയാണ് നിർവഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കൾക്ക് മുൻകൂർ തുക അനുവദിച്ചിട്ടുള്ളത്. മാർഗരേഖ പ്രകാരം ഗ്രാമ പഞ്ചായത്ത് ഓവർസിയർ മൂല്യനിർണയം നടത്തണം എന്നാണ് വ്യവസ്ഥ. എന്നാൽ പ്രവൃത്തി പൂർത്തിയാവാത്ത സാഹചര്യത്തിൽ മൂല്യനിർണയം പ്രായോഗികമായി സാധ്യമല്ലാതവുന്ന സാഹചര്യവും , മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി ആരംഭിച്ച , പൂർത്തിയാക്കിയ , കൈപ്പറ്റിയ തുകയുടെ വർക്ക് നിർവ്വഹിച്ച വിവരവും പരിശോധിച്ച് ഉറപ്പ് വരുത്താനാവുന്നില്ല.

അവശേഷിച്ച തുക നൽകുന്നതിനായി സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട് എന്നും ഗുണഭോക്താക്കൾക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചു. എന്നാൽ ഗുണഭോക്താക്കളുടെ ഭാഗത്ത് നിന്ന് പ്രതികരണം ലഭിച്ചിട്ടില്ല എന്നും ക്രമ നമ്പർ അഞ്ച് പ്രകാരമുള്ള ഗുണഭോക്താവ് മരണപ്പെട്ടതിനാൽ , ഇനി പൂർത്തിയാക്കാൻ സാധ്യത കുറവാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. മുൻകൂർ കൈപറ്റിയ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ പരിശോധനാ വിധേയമാക്കേണ്ടതും റിപ്പയർ പ്രവൃത്തി പൂർത്തിയാക്കാൻ ക്രിയാത്മകമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി 11/14.11.2023 പ്രകാരം അപാകതകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-14 പൊതു മരാമത്ത് പ്രവൃത്തികൾ - ഒരു വിലയിരുത്തൽ

പതിനാല് വാർഡുകൾ ഉള്ള വൈത്തിരി ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിശദ വിവരം താഴെ കൊടുക്കുന്നു.

| | പ്രോജക്ട് വിശദാംശങ്ങൾ | |
|---|---|---|
| 1 | സ്പിൽ ഓവർ പ്രോജക്ടുകൾ | 19 |
| 2 | തൽവർഷ പ്രോജക്ടുകൾ | 86 |
| 3 | ആകെ (1+2) | 105 |
| 4 | ആകെ അടങ്കൽ | 34423772 |
| 5 | നിർവഹണം നടത്തിയത് | 72 |
| 6 | ചെലവ് തുക | 17136445 |

| | | |
|---|---|---|
| 7 | ചെലവ് ശതമാനം | 49.78 |
| 8 | നിർവഹണം നടത്താതിരുന്നത് | 33 (സ്പിൽ ഓവർ 07, പുതിയത് 26) |
| 9 | വിനിയോഗിക്കാതിരുന്ന തുക (4-6) | 17287317 |

**1)വകയിരുത്തിയ തുക പൂർണമായും വിനിയോഗിക്കാനാവുന്നില്ല.**

അസിസ്റ്റന്റ് എഞ്ചിനീയർക്ക് ആകെ വകയിരുത്തിയ തുകയുടെ 49.78 ശതമാനം മാത്രമാണ് ചെലവഴിക്കാനായത് എന്ന് ചെലവ് പത്രിക വിശകലനത്തിൽ നിന്ന് വ്യക്തമാവുന്നു. ഏറ്റെടുത്ത ആകെ 105 പ്രോജക്ടുകളിൽ 33 എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്നും കാണുന്നു.

സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ നിർവഹണം ചെയ്യാത്ത പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപ്പെടുത്തുന്നതാണ്. 1.72 കോടി രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാനായില്ല എന്ന് കാണുന്നു. 17287317 രൂപയുടെ വികസന സാധ്യതകൾ ഗ്രാമ പഞ്ചായത്തിലെ പൊതു സമൂഹത്തിന് നഷ്ടപെട്ടു എന്ന് വിലയിരുത്താവുന്നതാണ്. പ്രോജക്ടുകൾ നിർവഹണം നടത്താത്ത സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

**2) സ്പിൽ ഓവർ പ്രോജക്ടുകൾ വീണ്ടും സ്പിൽ ഓവറാകുന്നു.**

നടപടി ക്രമങ്ങൾ എല്ലാം പൂർത്തിയാക്കി കരാറുകാരനമായി എഗ്രിമെന്റ്‌വെച്ച് പ്രവൃത്തി സ്ഥലം കൈമാറിയ ശേഷം അനുവദിക്കപ്പെട്ട കാലാവധിക്കുള്ളിൽ വർക്കുകൾ പൂർത്തിയാക്കാത്ത സാഹചര്യം വരുന്നു. പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കുന്നതിൽ കരാറുകാർ അനാസ്ഥ കാണിക്കുന്നതായി ഫയലിൽ നിന്ന് വ്യക്തമാവുന്നു. പ്രവൃത്തികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ നിരീക്ഷിക്കാൻ സംവിധാനമില്ലാത്തതാണ് സ്പിൽ ഓവർ വർക്കുകൾക്ക് കാരണമാവുന്നത്. ആകെയുള്ള 19 സ്പിൽ ഓവർ പ്രോജക്ടുകളിൽ 07 എണ്ണം ഇത്തവണയും പൂർത്തിയാക്കാനായില്ല എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

ലഭ്യമാവുന്ന ഫണ്ട് ലാപ്സാവാൻ ഇടവരുത്താതെ പൂർണമായും ഗ്രാമ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

**3) പ്ലാൻ വിഹിതം വിനിയോഗിക്കുന്നതിൽ വീഴ്ച്ച**

എസ്.സി.പി വിഹിതം , ടി.എസ്.പി വിഹിതം എന്നിവയിൽ യഥാക്രമം 50.57 74.75 ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ പ്ലാൻ ജനറൽ വിനിയോഗം വളരെ കുറവാണ്. 44.75 ശതമാനം മാത്രമാണ് വിനിയോഗിച്ചത് എന്ന് കാണുന്നു. ഫലപ്രദമായ വിധത്തിൽ വിനിയോഗിച്ചില്ലെങ്കിൽ ലാപ്സാവുന്ന ഫണ്ടുകളിൽ ചെലവ് ശതമാനം കുറയുന്നത് അംഗീകരിക്കാനാവില്ല. അനുവദിക്കപെട്ട വിഹിതം ലാപ്സാവാൻ ഇടവരുത്തുന്നത് ഭരണപരമായ വീഴ്ച്ചയായി വിലയിരുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ലഭ്യമായ തുക വിനിയോഗിക്കാനായില്ല.

2012-13 വർഷം പൂൾഡ് ഫണ്ടിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തിന് പ്രത്യേക ഫണ്ട് അനുവദിച്ചിരുന്നു. അറമല കോളനിയിൽ കിണർ കുഴിക്കുന്നതിനും കുടിവെള്ള സംവിധാനം ഒരുക്കുന്നതിനുമാണ് സഹായം ലഭ്യമായത്. ഇപ്രകാരം ലഭ്യമായ 235000 രൂപ ഗ്രാമ പഞ്ചായത്തിന് വിനിയോഗിക്കാൻ സാധിച്ചില്ല . വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാവാത്ത സാഹചര്യത്തിൽ 18 ശതമാനം പലിശയോടെ തുക തിരിച്ചടക്കാൻ പട്ടിക വർഗ വികസന പ്രോജക്ട് ഓഫീസർ ഗ്രാമ പഞ്ചായത്തിനോട് ആവശ്യപ്പെട്ടതായി ഭരണസമിതിയുടെ 5.12.2022 ലെ 5/1 തീരുമാനത്തിൽ നിന്ന് (ഫയൽ SC1/8063/22 ) വ്യക്തമാവുന്നു. പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ലഭ്യമായ ഫണ്ട് പത്ത് വർഷം കൈവശം വെച്ചിട്ടും വിനിയോഗിക്കാൻ സാധിച്ചില്ല എന്നത് വീഴ്ച്ചയായി കാണുന്നു. മാറി വന്ന ഭരണ സമിതിയും , സെക്രട്ടറിമാരും ഫണ്ട് വിനിയോഗിക്കാൻ പ്രായോഗികമായ നടപടികൾ സ്വീകരിക്കാതെ ഫണ്ട് നഷ്ടപ്പെടുത്തിയതും , പിഴ സഹിതം തിരിച്ചടവാക്കേണ്ട സാഹചര്യം സംജാതമായതും ഭരണതലത്തിലെ പാളിച്ചയായി വിലയിരുത്തുന്നു.

SC1/8063/22 ഫയൽ പരിശോധനക്കായി ലഭ്യമാക്കിയില്ല. അതേ സമയം ഫണ്ട് തിരിച്ചടവാക്കിയിട്ടില്ല എന്ന് ഓഡിറ്റ് കാലയളവിലെ സെക്രട്ടറി വിശദീകരിച്ചു. വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഫണ്ട് വിനിയോഗിക്കാൻ സാധ്യമാവാതിരുന്ന സാങ്കേതിക , നിയമപരമായ പരിമിതികൾ എന്തായിരുന്നു എന്ന് വിശദമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 15/15.11.2023 ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം നൽകിയില്ല.

ഈ ഫണ്ടിന്റെ നിലവിലെ അവസ്ഥ വിശദമാക്കേണ്ടതാണ്.

## 1-16 ഓണം അഡ്വാൻസ് ക്രമീകരണം - രജിസ്റ്ററിൽ അവ്യക്തത

09/22 ലെ സെക്രട്ടറിയുടെ വൗച്ചറുകൾ പ്രകാരം 226000 രൂപ ജീവനക്കാർക്ക് ഓണം അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം ജീവനക്കാരുടെ സാലറിയിൽ നിന്ന് ഗഡുക്കളായി അഡ്വാൻസ് തുക കുറവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ അഡ്വാൻസ് ഇനത്തിൽ ഇനിയും തുക ക്രമീകരിക്കാൻ അവശേഷിക്കുന്നതായും പരസ്പരം പൊരുത്തപ്പെടാത്ത രേഖപ്പെടുത്തലുകൾ വരുത്തിയതായും കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

1- അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2020-21 വർഷം അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. സുരേഷ് എം.ബി 20000 രൂപ ഫെസ്റ്റിവെൽ അഡ്വാൻസ് കൈപറ്റിയിട്ടുണ്ട്. ഇതിൽ 3000 രൂപ മാത്രമാണ് അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുള്ളത് (രജിസ്റ്റർ പേജ് 16). ഫെസ്റ്റിവെൽ അഡ്വാൻസ് ഇനത്തിലെ ഇടപാടുകൾ സംഗ്രഹിച്ച് 12000രൂപ വർഷാവസാന ബാലൻസ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംഗ്രഹം സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ രേഖപ്പെടുത്തൽ ശരിയാണോ എന്ന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2-12000രൂപ തിരികെ ഈടാക്കാൻ അവശേഷിക്കുന്നു എങ്കിലും, 2021-22 വർഷം ഫെസ്റ്റിവെൽ അഡ്വാൻസ് ഇനത്തിൽ മുൻബാലൻസ് ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല. (പേജ് 20). ഈ കാലയളവിൽ നൽകിയ ഫെസ്റ്റിവെൽ അഡ്വാൻസ് മുഴുവനായി തിരികെ ഈടാക്കിയതായും കാണുന്നു. (സംഗ്രഹം തയ്യാറാക്കിയിട്ടില്ല ) വർഷാവസാനം ക്രമീകരിക്കാൻ തുക അവശേഷിക്കുന്നതായും കാണുന്നില്ല.

3- മുൻവർഷം ബാലൻസ് ഇല്ല എങ്കിലും 2022-23 വർഷം ഫെസ്റ്റിവെൽ അഡ്വാൻസ് രേഖപ്പെടുത്തിയ പേജിൽ (പേജ് 26) 3000 രൂപ മുൻബാലൻസ് ഉള്ളതായി രേഖപ്പെടുത്തിയതായി വ്യക്തമാവുന്നു. പരസ്പരം പൊരുത്തപ്പെടാത്ത വിധത്തിൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നതും , രേഖപ്പെടുത്തലുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്താതതും ശ്രദ്ധയിൽ പെടുത്തുന്നു. വാർഷിക കണക്ക് പ്രകാരം 2022-23 വർഷം 11000 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

4- 2022-23 വർഷം അക്കൗണ്ടന്റ് ശ്രീ. സനൽലാൽ . സി.പി 20000രൂപ ഫെസ്റ്റിവെൽ അഡ്വാൻസ് വാങ്ങി എങ്കിലും 12000 രൂപ മാത്രമാണ് തിരിച്ചടവാക്കിയത്. 8000രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.അപാകത ഓഡിറ്റ് എൻക്വയറി 16/16.10.2023 പ്രകാരം ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. പരിശോധിച്ച് വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 യാത്രാ അഡ്വാൻസ് ക്രമീകരിച്ചില്ല.

താഴെ രേഖപ്പെടുത്തിയ വൗച്ചറുകൾ പ്രകാരം വിവിധ ആവശ്യങ്ങൾക്ക് ജീവനക്കാർക്ക് മുൻകൂർ നൽകിയിട്ടുണ്ട്. മുൻകൂർ തുക മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കണമെന്നാണ് നിലവിലുള്ള നിർദേശം. എന്നാൽ ഈ നിർദേശം പാലിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽ പെടുത്തുന്നു.

| വൗച്ചർ | നൽകിയ തുക | കൈപറ്റിയ വ്യക്തി | ആവശ്യം |
|---|---|---|---|
| 22201046/30.01.2023 | 2000 | ശ്രീ. സുരേഷ്. എം.ബി<br>അസിസ്റ്റന്റ് സെക്രട്ടറി | യാത്ര ബത്ത മുൻകൂർ |

അപാകത ശ്രദ്ധയിൽ പെടുത്തുന്നു. മുൻകൂർ ക്രമീകരിക്കുന്ന കാര്യത്തിൽ KFC Vol 1, ആർട്ടിക്കിൾ 99 ന്റെ അടിസ്ഥാനത്തിൽ അധിക വിശദീകരണം നൽകിയ GO(P)419/11/Fin /Dated 04.10.2011 എന്നിവ പ്രകാരമുള്ള നിർദേശങ്ങൾ, മുൻകൂർ തുക ക്രമീകരിക്കുന്നതിൽ വിഴ്ച വരുത്തിയവരുടെ കാര്യത്തിൽ പാലിക്കേണ്ടതാണ്. അർഹമായ പലിശ ഈടാക്കേണ്ടതാണ്. തുക ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. 17/16.11.2023 ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 1-18 കാലാഹരണപ്പെട്ട ഡെപ്പോസിറ്റ് തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.

വാർഷിക കണക്ക് പ്രകാരം 3587596 രൂപ ഡേപ്പോസിറ്റ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ബാധ്യതയായി അവശേഷിക്കുന്നുണ്ട്. ഇതിൽ ഇ.എം.ഡി. സെക്യൂരിറ്റി ഡെപ്പോസിറ്റ്, റിടെൻഷൻ , ഇലക്ഷൻ ഡെപ്പോസിറ്റ്, വാടക ഡെപ്പോസിറ്റ്, ലേല ഡെപ്പോസിറ്റ് എന്നിവ ഉൾപ്പെടുന്നു.

ഗ്രാമ പഞ്ചായത്ത് സൂക്ഷിച്ച ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2005-06 വർഷം മുതലുള്ള ഇ.എം.ഡി. സെക്യൂരിറ്റി ഡെപ്പോസിറ്റ്, റിടെൻഷൻ , ഇലക്ഷൻ ഡെപ്പോസിറ്റ് എന്നിവ അഡ്ജസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നതായി വ്യക്തമാവുന്നു. കാലാഹരണപ്പെട്ട പൊതു മരാമത്ത് , പേർസണൽ ഡെപ്പോസിറ്റുകൾ എന്നിവ മൂന്ന് വർഷം ക്ലെയിം

ചെയ്യാതിരുന്നാൽ സർക്കാർ ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ് എന്നാണ് നിലവിലുള്ള നിർദേശം. കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 282 ഇപ്രകാരം നിർദേശിക്കുന്നുണ്ട്.

"*All Deposits Unclaimed For More Than Three Complete Financial Years Should Be Credited To The Government At The Close Of March In Each Year. For The Purpose Of This Rule,the Age Of A Deposit Or The Balance Of A Deposit Not Yet Repaid Should Be Reckoned From The Date Of The Original Deposit*"

*സർക്കാർ നിർദേശം പാലിച്ച് മൂന്ന് വർഷത്തിൽ അധികമായ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് വ്യക്തമായ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുതൽ കൂട്ടേണ്ടതാണ്.*

*വാർഷിക കണക്കിലെ ഡെപ്പോസിറ്റുകളുടെ ലഡ്ജർ എൻട്രികളുമായി പൊരുത്തപ്പെടുന്ന വിധത്തിൽ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിലും വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നതിനും ജാഗ്രത പാലിക്കേണ്ടതാണ്.* 20/16.11.2023 ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം നൽകിയിട്ടില്ല.

## 1-19 ചെക്കുകൾ ബൗൺസാവുന്നതു കാരണം പണം പഞ്ചായത്ത് ഫണ്ടിൽ വരവ് വരുന്നതിൽ കാലതാമസം

വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 28/04/2023 ലെ സാധാരണ യോഗത്തിലെ 23/1 നമ്പർ തീരുമാനം പ്രകാരം 2022-23 സാമ്പത്തിക വർഷം വസ്തുനികുതി ചെക്ക് മുഖേന അടവാക്കിയതിൽ ബൗൺസായ ചെക്കുകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്**(ഓഡിറ്റ് എൻക്വയറി നം. 04/2022-23 തിയതി 13/11/2023)** സമർപ്പിച്ച മറുപടിയും ഫയലും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററും ബാങ്ക് സ്റ്റേറ്റ്മെന്റും (കേരള ഗ്രാമീൺ ബാങ്ക്, വൈത്തിരി, അക്കൗണ്ട് നം - 40130100107492) പ്രകാരം 2022-23 സാമ്പത്തിക വർഷം ബൗൺസായ ചെക്കുകൾ പിന്നീട് പണമായി മാറിയതായി ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെക്ക് നൽകിയത് | തുക(₹) | രസീത് നം, തീയതി, ആവശ്യം | പണമായി മാറിയ തീയതി |
|---|---|---|---|---|
| 1. | V- Sharp Promoters Pvt Ltd | 24,750/- | 1220206736, 14/03/2023, Professional Tax (Employees) | 08/05/2023 |
| 2. | ഡോ.കെ.അയ്ഷാബി, വൈത്തിരി വില്ലേജ് റിസോർട്ട് | 111010/- | 1220207447-1220207452, 31/03/2023, Property Tax | 19/07/2023 |
| 3 | എൻ.കെ മുഹമ്മദ് | 160368/- | 1220207427-1220207430, 31/03/2023, Property Tax | 13/06/2023 |
| 4 | ഡോ.കെ.അയ്ഷാബി, വൈത്തിരി വില്ലേജ് റിസോർട്ട് | 115084/- | 1220207375-1220207414, 31/03/2023, Property Tax | 19/07/2023 |
| 5 | ഡോ.കെ.അയ്ഷാബി, വൈത്തിരി വില്ലേജ് റിസോർട്ട് | 133723/- | 1220207454, 31/03/2023, Property Tax | 19/07/2023 |
| 6 | എൻ.കെ മുഹമ്മദ്, | 136841/- | 1220207415-1220207426, 31/03/2023, Property Tax | 13/06/2023 |
| 7 | ഡോ.കെ.അയ്ഷാബി, വൈത്തിരി വില്ലേജ് റിസോർട്ട് | 384686/- | 1220101617, 31/03/2023, Property Tax | 13/06/2023 |
| 8 | ഡോ.കെ.അയ്ഷാബി, വൈത്തിരി വില്ലേജ് റിസോർട്ട് | 118964/- | 1220207457, 31/03/2023, Penalties And Fines | 19/07/2023 |
| 9 | എൻ.കെ മുഹമ്മദ്, | 43848/- | 1220207463, 31/03/2023, Property Tax | 19/07/2023 |
| 10 | ഡോ.കെ.അയ്ഷാബി, വൈത്തിരി വില്ലേജ് | 84072/- | 1220207460-1220207461, 31/03/2023, Penalties And | 04/05/2023 |

| | | | | |
|---|---|---|---|---|
| | റിസോർട്ട് | | Fines | |
| 11 | ഡോ.കെ.അയ്ഷാബി, വൈത്തിരി വില്ലേജ് റിസോർട്ട് | 81839/- | 1220207453, 31/03/2023, Penalties And Fines | 13/06/2023 |
| 12 | ഡോ.കെ.അയ്ഷാബി, വൈത്തിരി വില്ലേജ് റിസോർട്ട് | 142409/- | 1220207455, 31/03/2023, Penalties And Fines | 12/05/2023 |
| 13 | ഡോ.കെ.അയ്ഷാബി, വൈത്തിരി വില്ലേജ് റിസോർട്ട് | 118964/- | 1220207457, 31/03/2023, Penalties And Fines | 19/07/2023 |

പല ചെക്കുകളും ഒന്നിൽ കൂടുതൽ തവണ സമർപ്പിക്കുകയും ബൗൺസാവുകയും ചെയ്തിട്ടുണ്ട്. ഓരോ തവണ ചെക്ക് ബൗൺസാവുമ്പോഴും ഒരു ചാർജ് ബാങ്ക് പിടിക്കുന്നതായി കാണുന്നു. ഉദാഹരണത്തിന് 06/04/2023 ന് ചെക്ക് ബൗൺസാവുമ്പോൾ ₹3068/- യും 13/06/2023 ന് ബൗൺസായപ്പോൾ ₹1416/- യും Outward Cheque Return എന്ന പേരിൽ തിരിച്ച് പിടിച്ചിട്ടുണ്ട്. പ്രസ്തുത രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വസ്തു നികുതി അടവാക്കിയതായി കാണിക്കുന്നത് ബൗൺസായ ചെക്കിന്റെ രസീതി നമ്പരും തീയതിയുമാണ്(ഉദാ. 1220207463).

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2011 ലെ ചട്ടം 21 പ്രകാരം ചെക്ക് ആയോ ഡിമാന്റ് ഡ്രാഫ്റ്റായോ തുക സ്വീകരിക്കുമ്പോൾ "പണം ആക്കുന്നതിന് വിധേയമായി" എന്ന് വ്യക്തമായി രേഖപ്പെടുത്തിയ രസീത് നൽകേണ്ടതാണ്. ചട്ടം 22 പ്രകാരം ഏതെങ്കിലും ചെക്ക് സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്യേണ്ടതും മടക്കിയ ചെക്ക് സെക്രട്ടറി സൂക്ഷിക്കേണ്ടതും രസീതി റദ്ദാക്കിയ വിവരം ചെക്ക് നൽകിയ ആളെ അറിയിക്കേണ്ടതുമാണ്. ബാങ്ക് ചാർജ്ജ് ഉൾപ്പെടെയുള്ള തുക ഒടുക്കാൻ ആവശ്യപ്പെടേണ്ടതും തുക ഒടുക്കുന്ന മുറയ്ക്ക് രസീത് നൽകേണ്ടതും അക്കൗണ്ട് ബുക്കുകളിൽ റിവേഴ്സ് എൻട്രി നടത്തേണ്ടതുമാണ്.

ബൗൺസായ ചെക്കുകളുടെ കാര്യത്തിൽ ബാങ്ക് ചാർജ്ജും പിഴയും കക്ഷിയിൽ നിന്നും ഈടാക്കുന്നുണ്ട് എന്നുറപ്പാക്കേണ്ടതും കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2011 ലെ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട് എന്നുറപ്പാക്കേണ്ടതുമാണ്. തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകത 04/13.11.2023 പ്രകാരം സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-20 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 204 ാം വകുപ്പ് പ്രകാരം ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധവർഷവും, ആ പഞ്ചായത്ത് പ്രദേശത്ത് ആ അർദ്ധവർഷത്തിൽ മൊത്തം അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും, ആ അർദ്ധവർഷത്തിൽ ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസുനടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, ആകെക്കടി അറുപതുദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരോ ആയ ഏതൊരാളുടെയും, മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്.

വൈത്തിരി ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-20-1 ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് നേടി പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിൽ നിന്ന് ലൈസൻസ് നേടി പ്രവർത്തിക്കുന്ന ജീവനക്കാർ ജോലി ചെയ്തുവരുന്നെന്ന് ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. 1 മുതൽ 50 വരെയുള്ള അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ലൈസൻസ് നമ്പർ, തീയതി | വാർഡ് നമ്പർ/കെട്ടിട | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം(ലൈസൻസ് |
|---|---|---|---|---|

| | | നമ്പർ | | അപേക്ഷ പ്രകാരം) |
|---|---|---|---|---|
| 1 | 12/2022-2023 /A-7/914/22, 01/04/2022 | III/26AE | അഷർ അസോസിയേറ്റ്സ് | 2 |
| 2 | 13/2022-23 /A-7/997/22, 01/04/2022 | XI/303D | കുന്നത്ത് മെഡിക്കൽസ് | 2 |
| 3 | 16/2022-23 /A-7/1072/22, 01/04/2022 | VII/254 | ഹൈടെക്ക് കേബിൾ ടി.വി നെറ്റ്‌വർക്ക്, തളിപ്പുഴ | 2 |
| 4 | 21/2022-23 /A-7/872/22, 01/04/2022 | IX/329 A | സൈന്യൂസ് തട്ടുകട | 2 |
| 5 | 22/2022-23 /A-7/1202/22, 01/04/2022 | XII/226 | എ.പി വെജ് & സ്റ്റേഷണറി | 2 |
| 6 | 24/2022-23 /A-7/1204/22, 01/04/2022 | XII/241 | റിയ ഹോട്ടൽ | 2 |
| 7 | 33/2022-23 /A-7/1203/22, 01/04/2022 | XI/472 A | RAWABI സൂപ്പർമാർക്കറ്റ് | 3 |
| 8 | 34/2022-23 /A-7/1928/22, 01/04/2022 | VII/406 | കെ.എം സ്റ്റോർസ്, തളിപ്പുഴ | 2 |
| 9 | 48/2022-23 /A-7/1954/22, 01/04/2022 | II/62 | വയനാട് ഇന്റസ്ട്രിയൽ | 4 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്**(ഓഡിറ്റ് എൻക്വയറി നം. 10/2022-23 തീയതി 14/11/2023)** മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-20-2 റിസോർട്ടുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

ലോഡ്ജിംഗ് ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസെടുത്ത താഴെ പറയുന്ന റിസോർട്ടുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര്/ഉടമയുടെ പേര് | വാർഡ് നം/ഡോർ നം |
|---|---|---|
| 1 | Lux Le Mount Resort | 5/198/P,Q,R,S |
| 2 | Vyna Hillock Resort | 5/198/E To N |
| 3 | Barsathi Resorts | 8/209/A |
| 4 | Vythiri Hill Resorts | 11/482 A To H |
| 5 | Adithya Nature Resorts | 12/64/A To D |
| 6 | Y3 Suits, Old Vythiri | 7/73/B, C, D |
| 7 | Green Paradise Resort | 7/628 To 632 |
| 8 | Blue Ginger Resort | 7/464/B, C, D, 508 A To H |
| 9 | Lappista Service Villa | 12/64H,64AE |
| 10 | Lakkidi Mist Resort | 8/574AB To AE |

| | | |
|---|---|---|
| 11 | Aquawood Poonchola Resorts | 7/480, 7/480/A, 7/481 |
| 12 | Vythiri Valley Resort | 9/202/B To 208 |
| 13 | Vythiri Spring Valley Resort | 7/525, 527 To 531, 531Q... |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(**ഓഡിറ്റ് എൻക്വയറി നം. 10/2022-23 തീയതി 14/11/2023)** മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത റിസോർട്ടുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ നൽകിയതു മൂലം നികുതി നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്. വൈത്തിരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വസ്തു നികുതി നിർണ്ണയം പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന ഒരേ ഉടമയുടെ പേരിലുള്ള കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിച്ചിരിക്കുന്നത് മൂലം വസ്തു നികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. വിഭജിച്ച് നമ്പർ നൽകിയതുമൂലം 12-ാം വാർഡിൽ വസ്തുനികുതിയിലുണ്ടായ നഷ്ടം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1) File No – A1-5071/17 : ഉടമയുടെ പേര് - ശ്രീ ചാക്കോ & ത്രേസ്യ

| **വാർഡ്/കെട്ടിട നമ്പർ** | **തറവിസ്തീർണ്ണം(ച.മീ)** | **2022-23 സാമ്പത്തിക വർഷം ₹50/- നിരക്കിൽ ഈടാക്കിയ നികുതി (ഇളവ്=10% മേഖല, വർദ്ധനവ് =20% വഴിസൗകര്യം)** | **₹60/- നിരക്കിൽ നിശ്ചയിച്ചാലുള്ള നികുതി(₹)** | **നികുതിയിലെ നഷ്ടം(₹)** |
|---|---|---|---|---|
| 12/153/E | 93.95(GF) | അടിസ്ഥാന നികുതി =4697.5<br>അടിസ്ഥാന നികുതിയിൽ ഇളവ് @10% =469.75<br>അടിസ്ഥാന നികുതിയിൽ വർദ്ധനവ് @ 20% =939.5<br>ആകെ 5168/- | ആകെ തറവിസ്തീർണ്ണം = 114.05 ച.മീ<br>അടിസ്ഥാന വസ്തുനികുതി = 6843/-<br>ഇളവ് @10% = 684.3/-<br>വർദ്ധനവ് @20% =1368.6/-<br>ആകെ നികുതി = **7528**/- | **1254/-** |
| 12/153/F | 20.1 (GF) | അടിസ്ഥാന നികുതി =1005<br>അടിസ്ഥാന നികുതിയിൽ ഇളവ് @10% =100.5<br>അടിസ്ഥാന നികുതിയിൽ വർദ്ധനവ് @ 20% =201<br>ആകെ 1106/- | | |
| **ആകെ** | **114.05 ച.മീ** | **6274/-** | | |

2) File No – A1-8412/15, A1- 4877/2020 : ഉടമയുടെ പേര് - ശ്രീ മുഹമ്മദ് സാദിഖ്

| **വാർഡ്/കെട്ടിട നമ്പർ** | **തറവിസ്തീർണ്ണം (ച.മീ)** | **2022-23 സാമ്പത്തിക വർഷം ₹50/- നിരക്കിൽ ഈടാക്കിയ നികുതി (ഇളവ്=10% മേഖല, വർദ്ധനവ് =20% വഴിസൗകര്യം)** | **₹60/- നിരക്കിൽ നിശ്ചയിച്ചാലുള്ള നികുതി(₹)** | **നികുതിയിലെ നഷ്ടം(₹)** |
|---|---|---|---|---|
| 12/117/B | 50.55(GF) | അടിസ്ഥാന നികുതി =2527.5<br>അടിസ്ഥാന നികുതിയിൽ ഇളവ് @10% =252.7<br>അടിസ്ഥാന നികുതിയിൽ വർദ്ധനവ് @ 20% =505.5<br>ആകെ = 2781/- | ആകെ തറവിസ്തീർണ്ണം = 172.79 ച.മീ<br>അടിസ്ഥാന വസ്തുനികുതി = 10367.4/-<br>ഇളവ് @10% = 1036.74/-<br>ബഹുനിലക്കെട്ടിടത്തിനുള്ള ഇളവ്@5% = ((82.69*60-(82.69*60)*10%+(82.69*60)*20%))*5%<br>=(4961.4-496.14+992.28)*5% =272.877/-<br>വർദ്ധനവ് @20%=2073.48/-<br>ആകെ നികുതി = 10367.4 - 1036.74- 272.877+ 2073.48<br>=**11132/-** | **1854/-** |
| 12/117/C | 39.55(GF) | അടിസ്ഥാന നികുതി =1977.5<br>അടിസ്ഥാന നികുതിയിൽ ഇളവ് @10% =197.75<br>അടിസ്ഥാന നികുതിയിൽ വർദ്ധനവ് @ 20% =395.5<br>ആകെ =2176/- | | |
| 12/117/D | 82.69(FF) | അടിസ്ഥാന നികുതി =4134.5<br>അടിസ്ഥാന നികുതിയിൽ ഇളവ് @10% =413.45<br>അടിസ്ഥാന നികുതിയിൽ വർദ്ധനവ് @ 20% =826.9<br>ബഹുനില കെട്ടിടത്തിന് ഇളവ് (കണക്കാക്കിയ ആകെ വസ്തുനികുതിയുടെ 5%) =227.4/-<br>ആകെ = 4321/-<br>(4134.5-413.45+826.9-227.4 (ബഹുനിലക്കെട്ടിടം)) | | |
| **ആകെ** | **172.79 ച.മീ** | **9278 /-** | | |

പന്ത്രണ്ടാം വാർഡിലെ കെട്ടിടങ്ങളിൽ മാത്രം ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് വിഭജിച്ച് നമ്പർ നൽകിയത് മൂലം 3108/- രൂപ നഷ്ടം വന്നിട്ടുണ്ട്. അവശേഷിക്കുന്ന 13 വാർഡുകളിലെ കെട്ടിടങ്ങളുടെ വസ്തു നികുതി പരിശോധിച്ചാൽ കൂടുതൽ തുകയുടെ നഷ്ടം കണ്ടെത്താൻ സാധ്യതയുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് **(ഓഡിറ്റ് എൻക്വയറി നം- 19/22-23 തീയതി 16/11/2023)** മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കെട്ടിടങ്ങൾക്ക് വിഭജിച്ച് നമ്പർ നൽകിയത് സംബന്ധിച്ച കാരണങ്ങൾ പരിശോധിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22 അനധികൃത നിർമ്മാണങ്ങൾക്ക് UA നമ്പർ നൽകി മൂന്നിരട്ടി നികുതി ഈടാക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 ലെ ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക്, 235 എഎ വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അവയ്ക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്.ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം നടത്തിയ ഫീൽഡ് പരിശോധനയിൽ അനധികൃത നിർമ്മാണമായി കണ്ടെത്തിയ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് സഞ്ചയയിൽ അനധികൃത കെട്ടിടത്തിനുള്ള നമ്പർ നൽകി നികുതി ഈടാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ

ചേർക്കുന്നു.

| ക്രമ നം | ഫയൽ നം | കെട്ടിടത്തിന്റെ വിവരങ്ങൾ | റിപ്പോർട്ടിലെ വിശദാംശങ്ങൾ |
|---|---|---|---|
| 1 | SC3-8341/22 | വാർഡ് - 8<br>വില്ലേജ് - കുന്നത്തിടവക<br>ബ്ലോക്ക് - 25<br>റീ.സ നം - 157/5, 157/6 | ശ്രീ. വിനോദ് കുമാർ വി എന്നവർ പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിയുകയും കുന്നിടിച്ച് നിരപ്പാക്കിയും പുഴ പുറമ്പോക്ക് കയ്യേറിയും പാർക്കിംഗ് ഗ്രൗണ്ട് നിർമ്മിക്കുകയും പുഴയിൽ പ്രത്യേക അനുമതി കൂടാതെ കോൺക്രീറ്റ് പൈപ്പിട്ട് പാലം നിർമ്മിക്കുകയും ചെയ്തു. 22/12/2022 ലെ 401013/BAUV02/GENERAL /2022/8341(2) നമ്പർ നടപടിക്രമത്തിലൂടെ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് ടിയാന് നിർദേശം നൽകിയിട്ടുണ്ട്. |
| 2 | SC3-5816/22 | വാർഡ് - 14<br>വില്ലേജ് - ചുണ്ടേൽ<br>സർവ്വേ നം - 112/3, 112/4(ഗ്രസൽ ബിൽഡിംഗിന് സമീപം) | പഞ്ചായത്തിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ ശ്രീ. കുഞ്ഞിമരക്കാർ എന്നവർ അനധികൃത കെട്ടിടം നിർമ്മിച്ച് കച്ചവടം നടത്തുകയും മറ്റൊരു കെട്ടിടം പണിയുകയും ചെയ്യുന്നു. 16/10/2022 ലെ 401013/BAUV02/GENERAL /2022/5816(2) നമ്പർ നടപടിക്രമത്തിലൂടെ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് ടിയാന് നിർദേശം നൽകുകയും ആയതിനുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ 16/02/2023 ലെ 401013/BAUV02/GENERAL /2022/5816(4) നമ്പർ നടപടിക്രമം പ്രകാരം കെട്ടിടം പൊളിച്ചു കളയുന്നതിന് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| 3 | SC3-5859/2022 | വാർഡ് - 09<br>വില്ലേജ് - കുന്നത്തിടവക വില്ലേജ്<br>റീ.സ നം - 89/2 (പൂക്കോട് തടാകം ടൂറിസ്റ്റ് കേന്ദ്രത്തിന് സമീപം) | പ്രസ്തുത സ്ഥലത്ത് ശ്രീ അബ്ദുൾ ബഷീർ, ശ്രീ അബ്ദുൾ ജലീൽ, ശ്രീ ടി.കെ റിയാസ് എന്നവർ നിയമവിരുദ്ധമായി കെട്ടിടം നിർമ്മിക്കുന്നു. 27/10/2022 ലെ 401013/BAUV02 /GENERAL/2022/5859(1) നമ്പർ നടപടിക്രമത്തിലൂടെ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് ടിയാന് നിർദേശം നൽകുകയും 21/11/2023 ലെ 401013/BAUV02/GENERAL /2022/5859(2) നമ്പർ നടപടിക്രമം പ്രകാരം കെട്ടിടം പൊളിച്ചു കളയുന്നതിന് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും മറുപടി തൃപ്തികരമല്ലാത്തതിനാൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്**(ഓഡിറ്റ് എൻക്വയറി നം-19/22-23 തീയതി 16/11/2023)** മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടങ്ങൾ ക്രമവത്കരിക്കുകയോ പൊളിച്ചുമാറ്റുകയോ ചെയ്യാത്ത പക്ഷം അനധികൃത കെട്ടിടത്തിനുള്ള താത്കാലിക നമ്പർ നൽകാത്തതിനും നികുതി ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 വാടക കുടിശ്ശിക ബാക്കി നിൽക്കുന്നു.

വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം മുൻവർഷത്തെ കുടിശ്ശികയായി 24220/- രൂപ ബാക്കി നിൽക്കുന്നുണ്ട്. കുടിശ്ശിക രജിസ്റ്ററിൽ മുൻവർഷത്തെ കുടിശ്ശിക സംബന്ധിച്ച സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ, വാർഷിക ധനകാര്യപത്രിക എന്നിവ പ്രകാരം തൻവർഷം മാത്രം 95594/- രൂപയുടെ കുടിശ്ശികയുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | പേര് | റൂം നമ്പർ | വാടക | തൻവർഷം അടവാക്കേണ്ട തുക | തൻവർഷം അടവാക്കിയ തുക | തൻവർഷ കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | അലക്സാണ്ടർ ലോനപ്പൻ | രേഖപ്പെടുത്തിയിട്ടില്ല | 6644/- | 39864/- | 26576/- | 13288/- |

| | | | | | | |
|---|---|---|---|---|---|---|
| 2 | ഒ.കെ ആലിക്കുട്ടി | 13/320 | 5062/- | 60744/- | 60706/- | 38/- |
| 3 | ജോർജ്ജ് ജോസഫ് | രേഖപ്പെടുത്തിയിട്ടില്ല | 2799/- | 16794/- | 8397/- | 8397/- |
| 4 | ഹ്യൂഹർട്ട്രാജ് എ.റ്റി | 14/368 | 1590/- | 9540/- | 0 | 9540/- |
| 5 | പി.കെ ഷൺമുഖൻ | 14/371 | 1189/- | 7134/- | 5945/- | 1189/- |
| 6 | റുഖിയ മുഹമ്മദ് കോയ | 14/369 | 1049/- | 6294/- | 0 | 6294/- |
| 7 | വിൻസി വില്ല്യം | 14/360 | 4582/- | 27492/- | 0 | 27492/- |
| 8 | ഹുസൈൻ എ | രേഖപ്പെടുത്തിയിട്ടില്ല | 2397/- | 14382/- | 7191/- | 7191/- |
| 9 | സി.ശ്രീധരൻ | 14/357 | 3087/- | 18522/- | 0 | 18522/- |
| 10 | ഒ.റുഖിയ | 14/379 | 1141/- | 6846/- | 5705/- | 1141/- |
| 11 | താലൂക്ക് സപ്ലൈ ഓഫീസ്, വൈത്തിരി | രേഖപ്പെടുത്തിയിട്ടില്ല | 2502/- | 30024/- | 27522/- | 2502/- |
| **ആകെ** | | | | **237636/-** | **142042/-** | **95594/-** |

വാടക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളും വാടക ബൈലോയും മേൽ വാടകക്കാരുമായി കരാർ ചമച്ചതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കുന്നതിന് ലഭ്യമാക്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 21/2022-23 തീയതി 16/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

വാടക ബൈലോ തയ്യാറാക്കിയിട്ടില്ലെങ്കിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 256 വകുപ്പ്, കേരള പഞ്ചായത്ത് രാജ് ബൈലോ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം ചട്ടങ്ങൾ, 1995 ലെ ചട്ടങ്ങൾ എന്നിവ പ്രകാരം ബൈലോ ഉണ്ടാക്കി സർക്കാരിൽ നിന്നും അംഗീകാരം നേടേണ്ടതാണ്. വാടക കുടിശ്ശിക രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും വാടക അടവാക്കാത്തവരിൽ നിന്നും ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്. 3/2019 നമ്പർ കത്തിലെ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

## 1-24-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

**1. വൈത്തിരി റിവർ ടൂറിസത്തിന് വിനോദ സഞ്ചാര വകുപ്പിന്റെ ഭരണാനുമതി ലഭിച്ചു.**

04/01/2023 ലെ ഭരണസമിതിയുടെ സാധാരണ യോഗത്തിലെ 8/1 നമ്പർ തീരുമാനപ്രകാരം ടൂറിസം വകുപ്പിന്റെ Destination Challenge പദ്ധതിയുടെ ഭാഗമായി വൈത്തിരി റിവർ ടൂറിസത്തിന് വിനോദസഞ്ചാര വകുപ്പിന്റെ അനുമതി ലഭിക്കുകയും ടൂറിസം ഡയറക്ടറുമായി എഗ്രിമെന്റ് ഒപ്പു വെക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പ്രകാരം യോഗങ്ങളിൽ ഒന്നും തന്നെ പുതിയ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, ആയതിലേക്കായി ഭരണ സമിതിക്ക് ശിപാർശ നൽകുകയോ ചെയ്തിട്ടില്ല. ഭരണസമിതിയുടെ പുതിയ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും ആയത് ഭരണസമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

**2. ബജറ്റിൽ നിർദേശിച്ചിട്ടുള്ള തനത് വരുമാനം മുഴുവനായും പിരിച്ചിട്ടില്ല.**

വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റും വാർഷികക്കണക്ക് പ്രകാരമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | വാർഷിക കണക്ക് | ബജറ്റും വരവും തമ്മിലുള്ള |
|---|---|---|---|

| | പ്രകാരം(₹) A | പ്രകാരമുള്ള വരവ്(₹)B | വ്യത്യാസം(₹) B-A |
|---|---|---|---|
| വസ്തു നികുതി(തൻവർഷം) | 23000000/- | 15074121/- | (-)7925879/- |
| തൊഴിൽ നികുതി(തൻവർഷം) | 3900000/- | 4459460/- | 559460/- |
| Rental Income | 1115000/- | 719061/- | (-)395939/- |
| Fee & User Charges | 1797000/- | 2913979/- | 1116979/- |
| Sale & Hire Charges | 215000/- | 107153/- | (-)107847/- |
| Income From Investments | 45000/- | 8492/- | (-)36508/- |
| Interest Earned | 500000/- | 341646/- | (-)158354/- |
| Other Income | 165000/- | 25607/- | (-)139393/- |
| **ആകെ** | **30737000/-** | **23649519/-** | **(-)7087481/-** |

ബജറ്റും വരവുമായുള്ള അന്തരം സംബന്ധിച്ചും നികുതി പിരിച്ചെടുക്കുന്നതിനും കുടിശ്ശിക നിവാരണത്തിനുമായി നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് **(ഓഡിറ്റ് എൻക്വയറി നം.02/2022-23 തീയതി 06/11/2023)** മറുപടി ലഭ്യമാക്കിയിട്ടില്ല. ബജറ്റിലെ പ്രതീക്ഷിത വരവ് പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**3. കുടിശ്ശിക രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.**

1) 01.06.2022ലെ സ.ഉ.(ൈക) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് വാടകയുടെ കുടിശ്ശിക രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കുടിശ്ശിക രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2) എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്. എന്നാൽ ഭരണ സമിതി യോഗങ്ങളുടെ മിനിറ്റ്സ് പ്രകാരം ഇപ്രകാരമുള്ള അവലോകനം നടന്നിട്ടില്ല. ഗ്രാമസഭകളിൽ ഡി.സി.ബി അവലോകനം നടക്കുന്നുണ്ടെങ്കിലും ആയത് സമയബന്ധിതമായി നടത്തുന്നില്ല. വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (***ഓഡിറ്റ് എൻക്വയറി നം.02/2022-23 തീയതി 06/11/2023***) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമസഭകളിലും ഭരണസമിതി യോഗങ്ങളിലും ഡി.സി.ബി ചർച്ച ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-24-2 വസ്തു നികുതി പിരിവ്

**1. വസ്തുനികുതി പിരിവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.**

വൈത്തിരി ഗ്രാമപഞ്ചായത്തിലെ സഞ്ചയയിലെ ഡി.സി.ബി സ്റ്റേറ്റ്മെന്റും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | ഡി.സി.ബി പ്രകാരം(₹) A | വാർഷിക കണക്ക് പ്രകാരം(₹) B | വ്യത്യാസം(₹) A-B |
|---|---|---|---|
| കുടിശ്ശിക ഡിമാന്റ് | 4301353/- | 4512790/- (2021-22 AFS, B15) | 211437/- |
| കുടിശ്ശിക കളക്ഷൻ | 459274/- | 450311/- (2022-23 AFS, RP45) | -8963/- |
| തൻവർഷ ഡിമാന്റ് | 16366100/- | 16366067/- (2022-23 AFS, I1) | -33/- |

| | | | |
|---|---|---|---|
| തൻവർഷ കളക്ഷൻ | 15963803/- | 15074121/- (RP45(2022-23 AFS)+ RP35(2022-23 AFS)+B9(2021-22 AFS)-B9(2022-23 AFS)) | -8896821/- |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( **ഓഡിറ്റ് എൻക്വയറി നം-19/22-23 തീയതി 16/11/2023)** മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**2. വസ്തുനികുതി മുൻവർഷ കുടിശ്ശിക മുഴുവനായും പിരിച്ചെടുത്തില്ല.**

2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം 2022-23 ലെ കുടിശ്ശിക ബാക്കി ₹4034251/- (Balance Sheet B-15) യും സഞ്ചയയിലെ ഡി.സി.ബി പ്രകാരം ₹3842079/- യുമാണ്. വസ്തു നികുതി കുടിശ്ശികയായി വലിയ തുക പിരിച്ചെടുക്കാനവശേഷിക്കുന്നതിന്റെ കാരണവും പ്രസ്തുത നികുതി പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം- 19/22-23 തീയതി 16/11/202) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടാത്തതിനും അവശേഷിക്കുന്ന തുക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**3. പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ അന്തിമമാക്കിയിട്ടുണ്ട്.**

ഭരണസമിതിയുടെ 15/05/2023 ലെ സാധാരണ യോഗത്തിലെ 6/1 നമ്പർ തീരുമാനപ്രകാരം 01.04.2023 ലെ വസ്തുനികുതി നിരക്കുകളും മേഖലയും പുതുക്കുന്നതിന് ഭരണസമിതി നിശ്ചയിക്കുകയും 10/07/2023 ലെ അടിയന്തിര യോഗത്തിലെ 2/1 നമ്പർ തീരുമാനപ്രകാരം പ്രസ്തുത നിരക്കുകൾ അന്തിമമാക്കുകയും ചെയ്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ നിരക്കിനുള്ള അപ്ഡേഷൻ നിലവിൽ വന്നിട്ടുണ്ട്. പുതുതായി നികുതി നിശ്ചയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് സഞ്ചയയിലെ അടിസ്ഥാന നികുതി പുതിയ നിരക്കിലാണ് കാണിക്കുന്നത്. മറ്റു കെട്ടിടങ്ങൾക്ക് പഴയ നിരക്കിൽ 5% വർദ്ധനവ് വരുത്തിയാണ് നികുതി ഈടാക്കുന്നത്. സഞ്ചയയിൽ എല്ലാ കെട്ടിടങ്ങളുടെയും നികുതി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**4. കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് നമ്പരുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം**

കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് നമ്പരുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. ഖണ്ഡിക 1-21 കാണുക.

**5. എസ്.ആർ.ഒ നം. 100/2015(സ.ഉ.(അ)നം.36/2015/ത.സ്വ.ഭ.വ തീയതി 24/02/2015 ), സ.ഉ(അ) നം. 53/2020 /ത.സ്വ.ഭ.വ പ്രകാരമുള്ള നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.**

സ്വകാര്യ ഹോസ്റ്റൽ/ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, ക്യാന്റീൻ, വർക്ക്ഷോപ്പ്, , ആയുർവ്വേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ/റിസോർട്ടുകൾ തുടങ്ങിയ കെട്ടിടങ്ങൾക്ക് എസ്.ആർ.ഒ നം. 100/2015(സ.ഉ.(അ)നം.36/2015/ത.സ്വ.ഭ.വ തീയതി 24/02/2015 ) പ്രകാരമുള്ള നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എം.എസ്.എം.ഇ വ്യവസായ യൂണിറ്റുകൾക്ക് എസ്.ആർ.ഒ നം. 100/2015(സ.ഉ.(അ)നം.36/2015/ത.സ്വ.ഭ.വ തീയതി 24/02/2015 ) പ്രകാരവും റസിഡൻഷ്യൽ ഹോം സ്റ്റേയ്ക്ക് സ.ഉ(അ)നം. 53/2020 ത.സ്വ.ഭ.വ തീയതി 08/09/2020 പ്രകാരവുമുള്ള നിരക്കും നിശ്ചയിച്ചിട്ടില്ല. പ്രസ്തുത വിഭാഗങ്ങളിൽ ഗ്രാമപഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടില്ല.

**6. അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള നടപടികളിലെ പുരോഗതിയും വീഴ്ചകളും**

വൈത്തിരി ഗ്രാമപഞ്ചായത്തിൽ ഫീൽഡ് പരിശോധനയിൽ കണ്ടെത്തിയ അനധികൃത കെട്ടിടങ്ങൾക്കെതിരെ സെക്രട്ടറി നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടങ്ങൾക്ക് താത്കാലികമായി UA നമ്പർ നൽകി മൂന്നിരട്ടി വസ്തു നികുതി ചുമത്തിയിട്ടില്ല. ഖണ്ഡിക 1-22 കാണുക. ക്രമവത്കരണത്തിന് അപേക്ഷകൾ ലഭിച്ചതിൽ ക്രമവത്കരിച്ച് നിശ്ചിത സമയത്തിനകം വസ്തുനികുതി ചുമത്തുകയും അല്ലാത്തവയ്ക്ക് യു.എ നമ്പർ നൽകി മൂന്നിരട്ടി നികുതി ഈടാക്കേണ്ടതുമാണ്.

## 1-24-3 സേവന ഉപനികുതി

ഗ്രാമപഞ്ചായത്തിൽ നിലവിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിലേക്കായി സേവന ഉപനികുതി ഈടാക്കുന്നതിലേക്ക് തീരുമാനമെടുക്കുന്നതിന് ഭരണസമിതിയുടെ

ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24-4 തൊഴിൽ നികുതി

**1. രജിസ്റ്ററിലെ വിവരങ്ങളും വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

തൊഴിൽ നികുതി രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക ധനകാര്യപത്രിക പ്രകാരം(₹) | രജിസ്റ്റർ പ്രകാരം(₹) | വ്യത്യാസം (₹) |
|---|---|---|---|
| ജീവനക്കാരുടെ തൊഴിൽനികുതി വരവ് | 3610340/- | 3629690/- | 19350/- |
| ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് | 3645440/- | 3629690/- | 15750/- |
| വാണിജ്യങ്ങളുടെയും തൊഴിൽനികുതി ഡിമാന്റ് | 791870/- | 505620/- | -286250/- |

രജിസ്റ്ററിലെ വിവരങ്ങളും വാർഷിക ധനകാര്യപത്രികയിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം. 10/2022-23 തീയതി 14/11/2023)** മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**2. സ്വയം തൊഴിലിൽ ഏർപ്പെടുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.**

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനിയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷൻ കട വ്യാപാരികൾ), സ്വകാര്യ സ്കൂൾ / കോളേജുകൾ തുടങ്ങി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണത്തിന് **(ഓഡിറ്റ് എൻക്വയറി നം. 2 /2022-23 തീയതി 06/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല.** തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24-5 വിനോദ നികുതി

ഗ്രാമപഞ്ചായത്തിലെ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/ സ്റ്റേഡിയം, നീന്തൽക്കുളങ്ങൾ, കേബിൾ ടി.വി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും സിപ്പ്ലൈൻ , ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (*ഓഡിറ്റ് എൻക്വയറി നം. 02/2022-23 തീയതി 06/11/2023*) മറുപടി ലഭ്യമാക്കിയിട്ടില്ല. വൈത്തിരി ഗ്രാമപഞ്ചായത്തിൽ നിരവധി സാഹസിക വിനോദ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിനാൽ ആയതിൽ നിന്നുള്ള വരുമാനം ലഭിക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24-6 നികുതിയേതര വരവുകൾ

നികുതിയേതര വരവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1. മുഴുവൻ സ്ഥാപനങ്ങളും ലൈസൻസെടുത്തിട്ടില്ല.**

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 1605 സ്ഥാപനങ്ങളുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം FACTEOS ലൈസൻസെടുത്തത് 575 സ്ഥാപനങ്ങളാണ്. ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 12/2022-23 തീയതി 14/11/2023) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് കാലത്തിൽ നിന്ന് മുക്തി നേടിയ വർഷമായതിനാൽ 575 പേരാണ് ലൈസൻസ് എടുത്തത് എന്നാണ് അറിയിച്ചത്.

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21/01/2019 ലെ (സി.എസ്)എ9-764/19 നം. ഉത്തരവ് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-1, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യവുമാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ റേഷൻ കടകളുടെയും പ്രസ്തുത റേഷൻ കടകൾ ലൈസൻസ് ഫീസ് അടവാക്കിയതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് എൻക്വയറി നം. 12/2022-23 തീയതി 14/11/2023) ലഭ്യമാക്കിയ

മറുപടിയിൽ റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിന് 31/08/2022 ന് ഏഴ് റേഷൻ വ്യാപാരികൾക്കും കത്തയച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2. സ്വകാര്യ വണ്ടിത്താവളങ്ങൾക്കുള്ള ലൈസൻസ്**

1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കുസ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റു വാഹന സ്റ്റാന്റുകൾ) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരം ഒരു സ്വകാര്യ വണ്ടിത്താവളം തുറക്കാനോ ലൈസൻസ് പുതുക്കാനോ വേണ്ടിയുള്ള അപേക്ഷ സെക്രട്ടറിക്ക് നൽകേണ്ടതാണ്. ആയത് പ്രകാരം സ്വകാര്യ വണ്ടിത്താവളങ്ങൾക്ക് വേണ്ടിയുള്ള ലൈസൻസിനായോ ആയവ പുതുക്കുന്നതിനായോ ഗ്രാമപഞ്ചായത്തിന് ലഭിച്ച അപേക്ഷകളും ചട്ടം 23 പ്രകാരം നൽകിയ ലൈസൻസുകളുടേയും വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 12/2022-23 തീയതി 14/11/2023)നൽകിയ മറുപടിയിൽ രണ്ട് സ്വകാര്യ വണ്ടിത്താവളങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി അറിയിച്ചിട്ടുണ്ട്. വിനോദ സഞ്ചാര കേന്ദ്രങ്ങൾ നിരവധിയുള്ള ഗ്രാമപഞ്ചായത്തായതിനാൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ വണ്ടിത്താവളങ്ങൾ ലൈസൻസെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3. വാടക കുടിശ്ശിക ബാക്കി നിൽക്കുന്നു.**

വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം മുൻവർഷത്തെ കുടിശ്ശികയായി 24220/- രൂപ ബാക്കി നിൽക്കുന്നുണ്ട്. കുടിശ്ശിക രജിസ്റ്ററിൽ മുൻവർഷത്തെ കുടിശ്ശിക സംബന്ധിച്ച സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ, വാർഷിക ധനകാര്യപത്രിക എന്നിവ പ്രകാരം തൻവർഷം മാത്രം 95594/- രൂപയുടെ കുടിശ്ശികയുണ്ട്. വാടക ബൈലോ ഹാജരാക്കിയിട്ടില്ല.(വിശദാംശങ്ങൾ ഖണ്ഡിക 1-23 ൽ കാണുക.)

**4. മറ്റിനങ്ങൾ**

വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്ത് പാരിസ്ഥിതിക സവിശേഷതയനുസരിച്ച് ടൂറിസത്തിന് പ്രാധാന്യമുള്ള പ്രദേശമാണ്. വിനോദ നികുതി, പേ & പാർക്കിംഗ് ഫീസ് പോലുള്ള വരുമാനസാധ്യതകൾ പരിശോധിക്കുന്നതിലേക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 തെരുവ് വിളക്ക് സ്ഥാപിക്കൽ, റിപ്പയർ - ക്രമ പ്രകാരം സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും, റിപ്പയർ ചെയ്യുന്നതിനും വേണ്ടി രണ്ട് സ്പിൽ ഓവർ പ്രോജക്ടുകളടക്കം നാല് പ്രോജക്ടുകൾ സെക്രട്ടറി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ വിശദാംശങ്ങൾ | അടങ്കൽ, ഫണ്ട് | ചെലവ് തുക | വൗച്ചർ നമ്പർ, തീയതി |
|---|---|---|---|---|
| 1 | എസ്. 0047/23, തെരുവിളക്കുകളുടെ റിപ്പയർ | 3,00,000/- (തനത് ഫണ്ട്) | ₹2,86,564/- | 22200766/21.11.2022 |
| 2 | എസ്. 0225/23, തെരുവിളക്കുകളുടെ റിപ്പയർ | 3,00,000/- (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | ₹2,97,834/- | 22201284/20.03.23 |
| 3 | എസ്. 0049/23, പഞ്ചായത്തിന്റെ വിവധ പ്രദേശങ്ങളിൽ തെരുവിളക്കുകൾ സ്ഥാപിക്കൽ | 4,00,000/- (തനത് ഫണ്ട്) | ₹3,84,302/- | 22200767/21.11.2022 |
| 4 | എസ്. 0096/23, പഞ്ചായത്തിൽ തെരുവിളക്കുകൾ സ്ഥാപിക്കൽ | 5,00,000/- (തനത് ഫണ്ട്) | ₹4,99,593/- | 22201171/02.03.2023 |
| ആകെ | | 15,00,000 | 14,68,293 | |

ഗ്രാമപഞ്ചായത്ത് ക്രമ പ്രകാരമുള്ള സ്റ്റോക്ക്/ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്റർ, സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. മേൽ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ തെരുവ് വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററാണ് സ്റ്റോക്ക് രജിസ്റ്റർ എന്ന പേരിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ഇതിൽ ഓപ്പണിംഗ് സ്റ്റോക്ക്, ക്ലോസിംഗ് സ്റ്റോക്ക് എന്നീ വിവരങ്ങളില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ എത്ര സ്ട്രീറ്റ് ലൈറ്റുകളുണ്ടെന്നത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല.

മേൽ പറഞ്ഞ ക്രമ നമ്പർ 1, 2 എന്നീ പ്രോജക്ടുകൾ തെരുവ് വിളക്കുകളുടെ റിപ്പയറിംങ്ങിനുള്ളതാണ്. എന്നാൽ പ്രസ്തുത പ്രോജക്ടുകൾ പ്രകാരവും തെരുവ് വിളക്കുകളുടെ വാങ്ങലാണ് നടത്തിയിട്ടുള്ളത്. ആയതിനാൽ കേടായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത് എന്ന് അനുമാനിക്കുന്നു. എന്നാൽ മാറ്റിയ തെരുവ് വിളക്കുകളുടെ (കേടായവ) സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മാറ്റി സ്ഥാപിച്ചതിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ആയതിന് പുറമേ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ള പോസ്റ്റുകളുടെ വിവരവും സ്ഥാപിച്ച തീയതിയും രേഖപ്പെടുത്തിയ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഗ്യാരണ്ടി പിരീഡ് കഴിഞ്ഞ ലൈറ്റുകൾ തന്നെയാണോ പ്രസ്തുത പ്രോജക്ടുകൾ പ്രകാരം മാറ്റി സ്ഥാപിച്ചിട്ടുള്ളത് എന്നും ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

മറ്റ് ന്യൂനതകൾ

1) മേൽ പറഞ്ഞ 4 പ്രോജക്ടുകളുടെയും ലക്ഷ്യം സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലായിരുന്നു. ആയതിനാൽ ഒറ്റ പ്രോജക്ടായി നടപ്പാക്കാമായിരുന്നു. പ്രോജക്ടുകൾ പ്രകാരം പ്രത്യേകം വാങ്ങലുകളാണ് നടത്തിയിട്ടുള്ളത്. ആയതിനാൽ വാങ്ങലുകൾ ഒന്നിച്ച് നടത്തണമെന്ന സ്റ്റോർ പർച്ചേസ് നിബന്ധന ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.

2) മേൽ പറഞ്ഞ നാല് പ്രോജക്ടുകൾ പ്രകാരവും യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഒട്ടോമാറ്റിക്ക് LED തെരുവ് വിളക്കുകളുടെ വാങ്ങലാണ് നടത്തിയിട്ടുള്ളത്. സ്ഥാപനത്തിന്റെ 87/07.07.2022 നമ്പർ പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് പർച്ചേസ് ഓർഡർ നൽകിയിട്ടുള്ളത്. പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| Sl.No. | Description Of Goods | Qty. In Nos. | Amount In Rs. |
|---|---|---|---|
| 1 | 24/25W LED Street Light With All Accessories And Installation – 2 Years Guarantee | 1 | 2840 |
| 2 | Dismantling Of Old Lights On KSEB Posts | 1 | 250 |
| * The Above Rate Inclusive Of GST And Transportation<br>* If Any Other Tax In Future, It Will Be Added Extra. | | | |

കടത്തുകൂലിയും ടാക്സും എല്ലാ ആക്സെസറീസും അടക്കമുള്ള തുകയാണ് മേൽ കൊടുത്തിരിക്കുന്നത്. ആയതിനാൽ പ്രസ്തുത നിരക്കാണ് ഒരു എൽ.ഇ.ഡി. തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് നൽകാവുന്നത്. എന്നാൽ തെരുവ് വിളക്ക് സ്ഥാപിച്ചതിന് ₹2991.3എന്ന നിരക്കാണ് നൽകിയിട്ടുള്ളത്. ആയതിന് പുറമേ Junction Box With Aluminium Wire -ന് വേറെ തുകയും അനുവദിച്ചിട്ടുണ്ട് (Proforma Invoice-ൽ പറയാത്തത്). വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | ഇൻവോയ്സ് വിവരങ്ങൾ | | |
|---|---|---|---|---|
| | | ഇൻവോയ് നമ്പർ, തീയതി | എണ്ണം | തുക |
| 1 | എസ്. 0047/23 | UEI/414/08.10.22 (Dismantling Of Old Light) | 83 | 20754 |
| | | UEI/360/21.9.22 (LED Street Light) | 83 | 248278 |
| | | UEI/412/08.10.22 (Junction Box) | 83 | 17532 |
| | | ആകെ തുക | | 286564 |
| 2 | എസ്. 0225/23 | UEI/752/30.01.23 (LED Street Light) | 93 | 278190.9 |
| | | Same Invoice (Junction Box) | 93 | 19643.1 |
| | | ആകെ തുക | | 297834 |
| 3 | എസ്. 0049/23 | UEI/359/21.9.22 (LED Street Light) | 120 | 358956 |
| | | UEI/411/08.10.22 (Junction Box) | 120 | 25346 |
| | | ആകെ തുക | | 384302 |
| 4 | എസ്. 0096/23 | UEI/359/21.9.22 (LED Street Light) | 156 | 466642.8 |
| | | UEI/411/08.10.22 (Junction Box) | 156 | 32950.2 |
| | | ആകെ തുക | | 499593 |
| ഒട്ടാകെ തുക | | | | 14,68,293 |

13.11.2023 -ലെ ഓഡിറ്റ് എൻക്വയറി നമ്പർ- 08/22-23 -ന് മറുപടിയിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മാത്രമല്ല, ജി.എസ്.റ്റി. നിരക്കിൽ വന്ന വ്യത്യാസമാണ് പ്രൊഫോർമ ഇൻവോയ്സുമായി നിരക്കിൽ വന്ന വ്യത്യാസത്തിന് കാരണം എന്നും ജി.എസ്.ടി നിരക്ക് 12% എന്നത് 18%

ആയി ഉയർന്നതിനാൽ വന്ന മാറ്റമാണ് അധിക നിരക്ക് നൽകി എന്ന് സംശയിക്കാനിടയായത് എന്നും നികുതി നിരക്കിൽ വരുന്ന മാറ്റം ഗ്രാമ പഞ്ചായത്ത് വഹിക്കണം എന്ന് കരാറിലും, ഇൻവോയ്സിലും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നും അധിക നിരക്ക് നൽകിയിട്ടില്ല എന്നും ജംഗ്ഷൻ ബോക്സ് എന്നത് സ്ട്രീറ്റ് ലൈറ്റിന്റെ അനുബന്ധ ഉപകരണമല്ലെന്നും ഇടിമിന്നലിൽ നിന്നും രക്ഷിക്കാനുള്ള ലൈറ്റ് പ്രൊട്ടക്ഷൻ ഉപകരണമാണെന്നും എന്നും ആയതിനാലാണ് പ്രത്യേക നിരക്ക് നൽകിയത്എന്നും അറിയിച്ചിട്ടുണ്ട്. അധിക തുക നൽകിയിട്ടില്ല എന്ന നിർവഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കുന്നു. പ്രോജക്ട് നിർവ്വഹണത്തിൽ വന്ന വ്യതിയാനങ്ങൾ സംബന്ധിച്ച പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനം ഫയലിൽ വെച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 സ്റ്റോക്ക് രജിസ്റ്റർ/ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് ഫർണിച്ചറും ഇലക്ട്രോണിക്ക് ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ടിന്റെ വിശദാംശങ്ങൾ | വാങ്ങിയ ഫർണിച്ചർ/ ഇലക്ട്രോണിക്ക് ഉപകരണങ്ങൾ | ചെലവ് തുക | വൗച്ചർ/ട്രഷറി ബിൽ നമ്പർ, തീയതി | നിർവ്വഹണം |
|---|---|---|---|---|---|
| 1 | എസ്. 0268/23, കൃഷി ഭവനിലേക്ക് യു.പി.എസ്. വാങ്ങൽ | യു.പി.എസ്. -1 | ₹94,000/- (റോഡിതര സംരക്ഷണ ഗ്രാന്റ്) | 09/23, 15.03.2023 | കൃഷി ഓഫീസർ |
| 2 | എസ്. 0255/23, പി.എച്ച്.സി.-ലേക്കും സബ് സെന്ററിലേക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | ലാപ്പ് ടോപ്പ് - 6 പ്രിന്റർ - 6 | ₹11,610/- (തനത് ഫണ്ട്) | 22201425/31.03.23 ( വൗച്ചർ) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| | | | ₹3,33,900/- | 29/22-23, 27.03.2023 | |
| | | | ₹1,22,100/- | 34/22-23, 31.03.2023 | |
| | | ആകെ | ₹4,67,610/- | | |
| 3 | എസ്. 0221/23, ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ | അലമാര – 5<br>മേശ - 5<br>വാട്ടർ പ്യൂരിഫയർ - 5<br>ഫാൻ - 5<br>റിവോൾവിംങ് ചെയർ - 5 | ₹98,825/- (ഹെൽത്ത് ഗ്രാന്റ്) | 22201321/ 25.03.2023 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| | | റെഫ്രിജേറ്റർ | ₹74,930/- (ഹെൽത്ത് ഗ്രാന്റ്) | 22201357/ 28.03.2023 | |
| | | ആകെ തുക | ₹1,73,755/- | | |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കൾ 150(b) അനുസരിച്ച് കെ.എഫ്.സി. ഫോം 18 ഫർണിച്ചറിന്റെയും മറ്റ് സ്റ്റോർസിന്റെയും സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ്. ധനകാര്യ വകുപ്പിന്റെ 24.09.2010 -ലെ സർക്കുലർ നമ്പർ 80/2010/ധനം പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം സമാഹരിച്ച ജംഗമ ആസ്തികൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി/ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആസ്തികൾ വാങ്ങുന്നതിന് ചെലവഴിച്ച തുക വാർഷിക കണക്കുകളിൽ ആസ്തി ആർജ്ജിക്കുന്നതിനുള്ള ചെലവിൽ ഉൾപ്പെടുത്തിയതായും കാണുന്നില്ല. കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് മുമ്പ്

നൽകിയിട്ടുള്ള ഫർണിച്ചർ/ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ കൃത്യമായ കണക്കുകളില്ലാതെ വീണ്ടും നൽകുന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ്. മുമ്പ് നൽകിയ ആസ്തികൾ നഷ്ടപ്പെട്ടിട്ടുണ്ടോ എന്നും നിലവിലുള്ളവ അപാര്യപ്തമാണോ എന്നും പരിശോധിക്കപ്പെടാതെയാണ് വീണ്ടും ജംഗമ ആസ്തികൾ സമാഹരിക്കുന്നതിനായി പ്രോജക്ടുകൾ നടപ്പിലാക്കുന്നത് എന്ന് കാണുന്നു.ഓഡിറ്റ് എൻക്വയറി നമ്പർ- 28/2022-23, 17.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ/ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 എസ്.എസ്.കെ. വിഹിതം നൽകൽ- ഭൗതിക നേട്ട വിവരം ലഭ്യമല്ല.

താഴെ പറയുന്ന പ്രോജക്ട് പ്രകാരം സമഗ്ര ശിക്ഷാ കേരള പദ്ധതിക്കായി 2022-23 വർഷത്തിൽ സെക്രട്ടറി പഞ്ചായത്ത് വിഹിതം നല്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0086/23 |
| അടങ്കൽ | ₹9,00,000/- (വികസന ഫണ്ട്- പൊതുവിഭാഗം) |
| ചെലവ് (തുക & ട്രഷറി ബിൽ നമ്പര്) | ₹9,00,000/-, 11/22-23/18.10.2022 |

പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് (സ.ഉ.(കൈ) നം. 84/2022/തസ്വഭവ, തീയതി 19/04/2022) ഖണ്ഡിക നം. 8.6(3) പ്രകാരം ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ. പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശസ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക നം. 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ എസ്.എസ്.കെ. പ്രോജക്ടിനു നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതതു തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്തു നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷ കേരളത്തിൽ നിന്നും കൃത്യമായി നൽകണം.

സമഗ്ര ശിക്ഷാ കേരളം വയനാട് ജില്ലാ കോ-ഓർഡിനേറ്ററുടെ 21.07.2023 -ലെ എ/269/2023/എസ്.എസ്.കെ. നമ്പർ പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം ലഭ്യമാക്കിയ ചെലവ് പത്രിക അനുസരിച്ച് ആകെ 16 ഇനങ്ങളിലായി ₹23,94,946/- ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഏതൊക്കെ സ്കൂളുകളിൽ ഏതൊക്കെ ഇനങ്ങളിൽ എത്ര തുക ചെലവഴിച്ചു എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 07/22-23/13.11.2023 – ന് മറുപടി നൽകിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

